വാല്യം 10 ലക്കം 2 ജൂൺ 2025

# ഇടയൻ

ബുള്ളറ്റിൻ




ടൂറിസ്റ്റ് ബസുകൾക്ക്
സത്യാ ട്രാവൽസ്
ചങ്ങനാശ്ശേരി
Ph:94473 49421
9061461676
വാഹന പുകപരിശോധന കേന്ദ്രം
Pollution Testing Centre
Dr APJ അബ്ദുൾ കലാം റോഡ്, മുനിസിപ്പാലിറ്റിക്ക് സമീപം



വാല്യം 10 | ലക്കം 2 | ജൂൺ 2025

# ഇടയൻ

## ഇടവക ബുള്ളറ്റിൻ


മാനേജിംഗ് എഡിറ്റർ:
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

ചീഫ് എഡിറ്റർ:
**റവ. ഫാ. ജേക്കബ് (സിറിൽ) കളരിക്കൽ**
9961719556

എക്സി. എഡിറ്റേഴ്സ്:
**റവ. ഫാ. ജോസഫ് (ഷെറിൻ) കുറശ്ശേരി**
9188771104
**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

കൈക്കാരന്മാർ:
എ.ജെ. ജോസഫ് ആലഞ്ചേരി
എബ്രഹാം കുര്യൻ ഒളശ്ശയിൽ
ചാൾസ് മാത്യു പാലാത്ര

കമ്മറ്റിയംഗങ്ങൾ:
വിന്നി ജോർജ്ജ് കല്ലൂക്കളം (കൺവീനർ)
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയ്ക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

പാരിഷ് കൗൺസിൽ സെക്രട്ടറി:
സോണി കരിമറ്റം



രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270


## താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| മുഖമൊഴി | 05 |
| വികാരിയച്ചന്റെ സന്ദേശം | 06 |
| പ്രത്യാശയുടെ ആത്മീയാചാര്യൻ | 08 |
| ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ് | 17 |
| ദിനചിത്രങ്ങൾ | 21 |
| സുകൃത വഴിത്താര | 19 |
| പടിയറ പിതാവ് | 32 |
| സാക്ഷ്യം | 36 |
| ഇടവക വാർത്തകൾ | 38 |
| ജലത്താലും ആത്മാവിനാലും | 44 |
| ദൈവം യോജിപ്പിച്ചത് | 44 |
| ഉത്ഥിതനോടൊപ്പം | 44 |



**ST MARY'S METROPOLITAN CHURCH**
Changanacherry - 686 101
Kerala State, India
0481-2420048 (Vicar), 2400006 (Office)
metropolitanchurchchry@gmail.com
www.metropolitanchurchchry.org

പത്രോസിന്റെ പിൻഗാമിയും
സീറോ-മലബാർ സഭയുടെ
പരമാദ്ധ്യക്ഷനുമായി
തെരഞ്ഞെടുക്കപ്പെട്ട
**ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക്**
കത്തീഡ്രൽ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...





പ്രത്യാശയുടെ
തീർത്ഥാടകനായ
**ഫ്രാൻസീസ് മാർപാപ്പായ്ക്ക്**
കത്തീഡ്രൽ കുടുംബത്തിന്റെ
പ്രണാമം...

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

അവധി കഴിയാറായി, ഇനി പുതിയ തുടക്കത്തിനായുള്ള കാത്തിരിപ്പ്. SSLC, +2 പരീക്ഷകളിൽ നമ്മുടെ കുട്ടികൾ മികച്ച പ്രകടനം തന്നെയാണ് കാഴ്ചവച്ചത്. അവരുടെ ഇപ്പോഴത്തെ ടെൻഷൻ ഏതു സ്കൂൾ കിട്ടുമെന്നതാണ്. സൺഡേ സ്കൂളിലും പള്ളി സംഘടിപ്പിച്ച ക്യാമ്പുകളിലും പങ്കെടുത്തിരുന്നുവെങ്കിൽ മാനേജ്മെൻറ് ഫോമിൽ പൂരിപ്പിക്കാൻ എന്തെങ്കിലുമൊക്കെ ആയേനെയെന്ന് ചിലർ ഇപ്പോൾ ചിന്തിക്കുന്നുണ്ട്.

ചിലർക്ക് സന്തോഷം! കാരണം, മഴ തകർക്കുന്നു. സ്കൂൾ തുറക്കുന്നതിനുമുമ്പേ അവധി കിട്ടുമെന്നാണ് അവരുടെ വിചാരം. പുതിയ അധ്യയനവർഷത്തെ നമ്മൾ സ്വാഗതം ചെയ്യുമ്പോൾ, ഈ പുതിയ തുടക്കത്തെ ഉത്സാഹത്തോടെയും അർപ്പണബോധത്തോടെയും സമീപിക്കാൻ എല്ലാ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നു. സ്കൂൾ എന്നത് അക്കാദമിക് പഠനത്തിന് മാത്രമല്ല, വ്യക്തിത്വ വളർച്ചയ്ക്കും ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും നമ്മുടെ ഭാവിയെ രൂപപ്പെടുത്തുന്ന മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള ഒരു സ്ഥലമാണ്.

നമുക്ക് ലഭിക്കുന്ന വിദ്യാഭ്യാസം ഒരു സമ്മാനമാണ്. കഠിനമായി പഠിക്കുകയും പ്രതിബദ്ധത പുലർത്തുകയും ചെയ്യുന്നതിലൂടെ, നമ്മുടെ കഴിവുകൾ തുറക്കുകയും നമ്മുടെ ലക്ഷ്യങ്ങൾ നേടുകയും ചെയ്യാം. നമുക്ക് മികവിനായി പരിശ്രമിക്കാം. എല്ലാവർക്കും അനുഗ്രഹീതവും വിജയകരവുമായ ഒരു അധ്യയനവർഷം ആശംസിക്കുന്നു.

നമ്മുടെ ചിന്താവിഷയം, ഈ ലക്കത്തിലെ ഇടയനിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവാണ്. ആരാധനയുടെ മനുഷ്യൻ. ദൈവസാന്നിധ്യത്തെ അനേകരിലേക്ക് എത്തിക്കാൻ അക്ഷീണം പ്രയത്നിച്ച പിതാവിന്റെ ജീവിതം നമ്മളെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്; എപ്പോഴും ദൈവസാന്നിധ്യാവബോധത്തിൽ ജീവിക്കുക എന്നത്. നിരന്തരമായ ദൈവാശ്രയബോധവും ദൈവസാന്നിധ്യസ്മരണയുമാണ് വന്ദ്യപിതാവിന്റെ മഹത്ത്വം. കുര്യാളശ്ശേരി പിതാവിന്റെയും ഷന്താളമ്മയുടെയും സ്വപ്നമായ ആരാധനാ സന്യാസിനീ സമൂഹം അവരുടെ അതേ ചൈതന്യത്തിൽ ഇന്ന് അനേകരിലേക്ക് ദിവ്യകാരുണ്യ നാഥനെ എത്തിക്കുന്നതിൽ നിന്ന് വിരമിച്ചിട്ടില്ല. സഭയ്ക്ക് ചെയ്യുന്ന അവരുടെ സുവിശേഷ പ്രഘോഷണത്തെ ദൈവതിരുമുമ്പിൽ ഓർക്കുന്നു.

ഈശോയിൽ നിന്ന് അകലുന്ന ഒരു സമൂഹം നമ്മുടെ ഇടയിൽ ഇന്ന് വർദ്ധിച്ചുവരുന്നു. ലൗകികമായ കാര്യങ്ങളിൽ നിന്ന് മനസ്സ് തിരിഞ്ഞ് ഈശോയിലേക്ക് അവന്റെ ഹൃദയത്തിലേക്ക് എത്തിപ്പിടിക്കുവാൻ പിതാവ് നമ്മെ പ്രചോദിപ്പിക്കുന്നു. ആഴമായ വിശ്വാസമുള്ളിടത്ത് മാത്രമേ ദൈവത്തിന് പ്രവർത്തിക്കാൻ സാധിക്കൂ. ആഴമായ വിശ്വാസം ഒരുവനിൽ ഉളവാകണമെങ്കിൽ ദൈവഭക്തി അനിവാര്യമാണ്, ആയതിനാൽ എപ്പോഴും ഈശോയോട് അടുത്തുനിൽക്കുവാനും പ്രാർത്ഥിക്കുവാനും നമുക്ക് പരിശ്രമിക്കാം.


ദൈവസാന്നിധ്യത്തിൽ ഉണർവോടും സന്തോഷത്തോടുംകൂടെ പ്രാർത്ഥിക്കുവാൻ നിരന്തരമായ ജാഗരണം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെന്നും കുര്യാളശ്ശേരിപ്പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു.

നിങ്ങളുടെ സ്വന്തം,

**സിറിലച്ചൻ, ചീഫ് എഡിറ്റർ**

# Vicar's Message





## വികാരിയച്ചന്റെ സന്ദേശം

> മനസ്സിലെ നല്ല ചിന്തകളാണ് ഒരാളെ നല്ല വ്യക്തിയാക്കി-മാറ്റുന്നത്. നല്ല മനോഭാവ-ങ്ങൾ നല്ലമനുഷ്യരായി വളരാൻ നമ്മെ സഹായി-ക്കും. വിശുദ്ധരെ നമ്മുടെ കൂട്ടുകാരാക്കാം. വിശുദ്ധ-രുടെ ജീവചരിത്രം നാം വായിക്കണം. മുതിർന്നവ-രെയും ഗുരുക്കന്മാരെയും നാം ബഹുമാനിക്കണം. കരുതലും സ്നേഹവും വാത്സല്യവും നാം പുലർത്തണം. നല്ല ശീലങ്ങൾ പരിശീലിക്കണം.

ഈശോയിൽ സ്നേഹമുള്ളവരെ,

ഒത്തിരി നന്ദിയോടും സ്നേഹത്തോടും കൂടിയാണ് ഈ കത്തെഴുതുന്നത്. നമ്മുടെ വിശ്വാസജീവിതത്തിലെ വളരെ പ്രാധനപ്പെട്ട നാളുകളിലൂടെയാണ് നാം കടന്നുപോയത്. അമ്പതുദിവസത്തിലെ നോമ്പാചരണം. വിവിധ ങ്ങളായ ആത്മീയശുശ്രൂഷകൾ നമുക്കുണ്ടായിരുന്നു. ബഹു. ഡാനിയേലച്ചന്റെ നേതൃത്വത്തിലുള്ള അഞ്ചുദിവസത്തെ ബൈബിൾ കൺവൻഷൻ, 40 ദിവസത്തെ കരുണാർത്ഥന പ്രാർത്ഥന, കുട്ടികളുടെ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായ വിശ്വാസോത്സവം, കുട്ടികൾക്കായി ഒരുക്കിയ ധ്യാനം,

വലിയ ആഴ്ചയിലേയ്ക്കുള്ള പ്രവേശനം, നാല്പതുമണി ആരാധന, പീഢാനുഭവവാര ശുശ്രൂഷകൾ ഇവയെല്ലാം നമ്മെ ആത്മീയ ജീവിതത്തിൽ വഴിനടത്തുന്ന പ്രധാന സ്രോതസ്സുകളായിരുന്നു. ഇവയിലെല്ലാം ആത്മാർത്ഥമായി സഹായിക്കുകയും സഹകരിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തവരുണ്ട്.

ബഹു. വൈദികർ, കൈക്കാരന്മാർ, സിസ്റ്റേഴ്സ്, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബകൂട്ടായ്മാ ലീഡേഴ്സ്, സൺഡേസ്കൂൾ അധ്യാപകർ, വിവിധ സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും ഭാരവാഹികൾ, അംഗങ്ങൾ, നമ്മുടെ ഇടവകയിലെ എല്ലാ കുടുംബത്തിലേയും മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ, പള്ളി ഓഫീസുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രത്യേക നന്ദി നേരുന്നു.

ഉയിർപ്പുകാലവും ശ്ലീഹാക്കാലവും ആത്മീയ ഉണർവ്വു പകരുന്ന ആരാധനാവത്സരത്തിലെ കാലങ്ങളാണ്. ഉയിർപ്പുകാലത്തിൽ നമ്മുടെ കർത്താവ് പങ്കുവച്ചുതരുന്ന പുതുജീവൻ സ്വന്തമാക്കാം. സന്തോഷവും, സമാധാനവും, സ്നേഹവും, പ്രത്യാശയും നമുക്ക് സ്വീകരിക്കാം. നന്മനിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കാം.

ശ്ലീഹാക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നത് പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഈശോയുടെ ശിഷ്യന്മാർ ലോകമെങ്ങും സുവിശേഷം അറിയിച്ച്

അനേകരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ നൽകി ഈശോയുടെ സഭയിൽ അംഗങ്ങളാക്കി. നമുക്ക് നമ്മുടെ ദൗത്യത്തെക്കുറിച്ച് ഓർക്കാനും ആത്മീയവരങ്ങളാലും ഫലങ്ങളാലും നിറഞ്ഞ് അനേകരെ സുവിശേഷത്തിന്റെ മാർഗ്ഗം പഠിപ്പിക്കാനും സാധിക്കട്ടെ.

ജൂൺ മാസത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. കുട്ടികൾ അദ്ധ്യാപകർ പറയുന്നതുകേട്ട് പഠിച്ച് മിടുക്കരാകാൻ താത്പര്യം കാണിക്കണം. ജീവിതത്തിൽ കഠിനാധ്വാനവും ലക്ഷ്യബോധവും നമുക്കു വേണം. സമയം പാഴാക്കാതെ നിശ്ചയ ദാർഢ്യത്തോടെ ഒന്നാമത് എത്താൻ ആഗ്രഹിക്കണം. നല്ല പഠനം നടത്തണം. ഗുരുഭൂതരെ ആദരിക്കണം.

പന്തക്കുസ്താ തിരുനാളോടുകൂടി പുതിയ മതബോധന വർഷം ആരംഭിക്കുകയാണ ല്ലോ. മതബോധനക്ലാസുകളിലൂടെ ഈശോയെ അറിയാനും സ്നേഹിക്കാനും ഈശോയിൽ ജീവിക്കാനും വളരാനും അനേകരെ ഈശോയിലേയ്ക്ക് വളർത്താനും സാധിക്കണം. നല്ല കാര്യങ്ങൾ ആഗ്രഹിക്കാൻ പഠിക്കണം.

മനസ്സിലെ നല്ല ചിന്തകളാണ് ഒരാളെ നല്ല വ്യക്തിയാക്കിമാറ്റുന്നത്. നല്ല മനോഭാവങ്ങൾ നല്ലമനുഷ്യരായി വളരാൻ നമ്മെ സഹായിക്കും. വിശുദ്ധരെ നമ്മുടെ കൂട്ടുകാരാക്കാം. വിശുദ്ധരുടെ ജീവചരിത്രം നാം വായിക്കണം. മുതിർന്നവരെയും ഗുരുക്കന്മാരെയും നാം ബഹുമാനിക്കണം. കരുതലും സ്നേഹവും വാത്സല്യവും നാം പുലർത്തണം. നല്ല ശീലങ്ങൾ പരിശീലിക്കണം. വ്യക്തിപര മായും കുടുംബാംഗങ്ങൾ ഒരുമിച്ചും പ്രാർത്ഥിക്കാൻ സമയം കണ്ടെത്തണം. എല്ലാ ദിവസവും വി. ഗ്രന്ഥം വായിക്കണം. പരിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കണം. ദൈവാലയത്തിൽ ആദരവോടെ പെരുമാറണം. ഈശോയ്ക്കു പ്രിയപ്പെട്ട മക്കളായി വളരാൻ ആഗ്രഹിക്കണം. അതിനായി പ്രാർത്ഥിക്കണം. പുതിയ അധ്യയന വർഷത്തിൽ എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനകളും വിജയങ്ങളും ആശംസിക്കുന്നു.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 100-ാം ചരമവാർഷികം ജൂൺ 2-ാം തീയതി നാം ആചരിക്കുകയാണല്ലോ. ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രമായ വി. കുർബാനയിലധിഷ്ഠിതമായ ഒരു ജീവിതം നയിച്ച് കാലഘട്ട ത്തിന്റെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങി, കാലത്തിനുമുമ്പേ ചിന്തിക്കുകയും, ശബ്ദിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഇടയശ്രേഷ്ഠൻ. ആഴമേറിയ ദൈവവിശ്വാസം, അഗാധമായ സഭാസ്നേഹം, ആത്മാർത്ഥമായ സഹോദര സ്നേഹം പിതാവിനെ ഒരു ദിവ്യകാരുണ്യപ്രേഷിതനാക്കി. കുര്യാളശ്ശേരിപ്പിതാവ് ചരിത്രത്തിൽ അറിയപ്പെടുന്നത് തുറന്നമനസ്സും ജീവിതവിശുദ്ധിയുമുള്ള ആത്മീയനേതാവ് എന്നപേരിലാണ്. പിതാവിന്റെ 100-ാം ചരമവാർഷികം ആചരിക്കുമ്പോൾ പിതാവു നമ്മുടെ അതിരൂപതയ്ക്കു ചെയ്ത നന്മകളെ നന്ദിയോടെ ഓർക്കാം. പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം. പിതാവിന്റെ ഓർമ്മയാചരണവുമായി ബന്ധപ്പെട്ട തിരുക്കർമ്മ ങ്ങളിൽ നമുക്ക് നന്ദിയോടെ ഭക്തിപൂർവ്വം പങ്കെടുക്കാം.

പ്രാർത്ഥനാപൂർവ്വം സ്നേഹത്തോടെ,

**വാണിയപ്പുരയ്ക്കലച്ചൻ**
വികാരി

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പ്രത്യാശയുടെ ആത്മീയാചാര്യൻ

സി. തെരെസ് നടുപ്പടവിൽ എസ്.എ.ബി.എസ്.
സെന്റ് മേരീസ് പ്രോവിൻസ്, കോതമംഗലം



## ആമുഖം

ഈ ജൂബിലിവർഷത്തിൽ നാം ഏറെ കേൾക്കുകയും ആഘോഷിക്കുകയും ചെയ്ത പദപ്രയോഗങ്ങളാണ് *പ്രത്യാശയുടെ തീർഥാടകർ* (Pilgrims of Hope), *പ്രത്യാശയുടെ മിഷനറിമാർ* (Missionaries of Hope) എന്നിവ. ലോകാരാധ്യനായ ഫ്രാൻസിസ് മാർപാപ്പാ, "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്ന ജൂബിലിവർഷത്തിന്റെ സ്ഥാപനബൂളയിൽ ദൈവജനത്തെ മേൽപ്പറഞ്ഞ പേരുകളിൽ വിശേഷിപ്പിച്ചുകൊണ്ട് പ്രത്യാശ എന്ന പുണ്യത്തിനായി പ്രാർഥിക്കാനും ധ്യാനിക്കാനും ക്ഷണിച്ചു. ഈ ജൂബിലിവർഷത്തിന്റെ തുടർച്ച സ്വർഗത്തിൽ ആഘോഷിക്കാൻ വിളിക്കപ്പെട്ട, പ്രത്യാശയുടെ ജീവിതാനന്ദം പ്രസരിപ്പിച്ച ഫ്രാൻസീസ് പാപ്പായെ എന്നപോലെ, ഒരു നൂറ്റാണ്ടുമുമ്പുള്ള ജൂബിലിവർഷത്തിൽ ദൈവസന്നിധിയിലെത്തിയ, പ്രത്യാശയുടെ മറ്റൊരു ആത്മീയാചാര്യനെക്കുറിച്ചും ഈയവസരത്തിൽ അനുസ്മരിക്കുക തികച്ചും ന്യായവും യുക്തവുമാണ്.

നമ്മുടെ വന്ദ്യപിതാവ്, ധന്യൻ മാർ തോമസ് കുര്യാളശ്ശേരി, പ്രത്യാശയുടെ ആത്മീയാചാര്യനാണ്. എന്താണീ പ്രത്യാശ? ഒരു ശുഭാപ്തിവിശ്വാസമോ, നല്ലതുവരുമെന്ന ചിന്തയോ മാത്രമല്ല, ക്രിസ്തീയപുണ്യമായ പ്രത്യാശയെന്ന് വി. ഗ്രന്ഥം ആവർത്തിച്ചു നമ്മെ പഠിപ്പിക്കുന്നുണ്ട്. നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തെക്കുറിച്ചുള്ളതാണ് പ്രത്യാശ എന്നു പഠിപ്പിക്കുന്ന പൗലോസ്ശ്ലീഹാ പറയുന്നു: "ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്. കണ്ടു കഴിഞ്ഞാൽ പിന്നെ പ്രത്യാശ പ്രത്യാശയേയല്ല; താൻ കാണുന്നതിനെ ഒരുവൻ എന്തിനു പ്രത്യാശിക്കണം? കാണാത്തതിനെയാണു നാം കാത്തിരിക്കുന്നതെങ്കിൽ

അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും" (റോമ 8:24-25). "പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ! നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിപ്രാപിക്കുകയും ചെയ്യട്ടെ" (റോമ 15:13) എന്ന പ്രാർഥനാശംസയും ലേഖനത്തിലൂടെ ശ്ലീഹാ നൽകുന്നുണ്ട്. പ്രത്യാശ എന്നത് ദൈവിശ്വാസത്തിന്റെ തുടർച്ചയും ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾ അവിടുന്നു പൂർത്തിയാക്കുമെന്നുള്ള ഉറപ്പുമാണ് എന്നു പറയാം. ഈ പ്രത്യാശയ്ക്കു രണ്ടുവശങ്ങളുണ്ട്: ഒന്ന്, അത് നിത്യജീവിതത്തെ സംബന്ധിക്കുന്നതാണ്. നിത്യജീവിതം ലഭിക്കുമെന്ന ഉറപ്പിൽ നമ്മുടെ ജീവിതത്തെ - ആത്മീയ, ഭൗതിക കാര്യങ്ങളെ - ദൈവഹിതത്തിനനുസരിച്ചു ക്രമപ്പെടുത്തുന്നതിനും കഷ്ടതകളെ സഹിക്കുന്നതിനും അതിജീവിക്കുന്നതിനുമുള്ള ദൈവാശ്രയമാണ് അതിന്റെ മറുവശം. വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്തുകൊണ്ട് ഇന്നുള്ള കഷ്ടതകൾ നിസ്സാരമാണ് എന്നറിയാനുള്ള കൃപയാണത്.

ആരെയാണ് ആത്മീയാചാര്യൻ എന്നു വിളിക്കുക? ആചാര്യൻ ഗുരുവാണ്; ആത്മീയപാതയിൽ ഒരു വഴികാട്ടിയാണ്; ഒരു മാതൃകയും പ്രബോധകനുമാണ്. അപ്പോൾ, പ്രത്യാശയുടെ ആത്മീയാചാര്യൻ മേൽപ്പറഞ്ഞ പ്രത്യാശ ജീവിക്കുന്ന വ്യക്തിയായിരിക്കുക എന്നതിനുപുറമെ, സഹോദരരെ അതു പ്രബോധിപ്പിക്കുന്ന, ഉപദേശിക്കുന്ന, പ്രത്യാശയിൽ നിലനിൽക്കാൻ സഹായിക്കുന്ന വ്യക്തിയുമായിരിക്കണം. ആ അർഥത്തിൽ, ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പ്രത്യാശയുടെ ആത്മീയാചാര്യനാണ് എന്നു നിസ്സംശയം പറയാം. അദ്ദേഹത്തിന്റെ പ്രത്യാശനിറഞ്ഞ ജീവിതവും, മറ്റുള്ളവരെ പ്രത്യാശയിലുറപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും ആ സത്യത്തെ അനാവരണം ചെയ്യുന്നുണ്ട്.

### ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: പ്രത്യാശയുടെ മാതൃക

മാതാപിതാക്കൾക്കു പ്രത്യാശ പകർന്ന് കുര്യാളശേരി തറവാട്ടിൽ 1873 ജനുവരി 14-ാം തീയതി ജനിച്ച കുഞ്ഞുതോമ്മാച്ചനിൽ ദൈവവിശ്വാസവും സ്നേഹവും ദൈവസഹായത്തിലുള്ള പ്രത്യാശയും പുണ്യാഭ്യസനത്തിലുള്ള ശ്രദ്ധയും പ്രായത്തിനനുസരിച്ചു വളർന്നു വന്നു. നദിയിലേയ്ക്കു ചാഞ്ഞുകിടക്കുന്ന മരക്കൊമ്പിൽ കയറിയിരുന്ന് ഇലകൾ പറിച്ച് ഓരോന്നായി വെള്ളത്തിലേയ്ക്കിട്ട് ജപമാലയുടെ ഓരോ നന്മനിറഞ്ഞമറിയവും ചൊല്ലി, ദശകങ്ങൾ പൂർത്തിയാക്കിയിരുന്ന കേവലം ബാലനായ കുഞ്ഞുതോമ്മാച്ചൻ, അങ്ങനെ ചെയ്തത്, ആ ഒഴുകുന്ന ഇലകൾക്കൊപ്പം തന്റെ പ്രാർഥനകളും സ്വർഗീയതീരത്ത് എത്തുമെന്ന പ്രതീക്ഷയിലായിരുന്നു. ചങ്ങനാശേരിയിലെയും മാന്നാനത്തെയും പഠനകാലത്ത് ഭക്തിനിറഞ്ഞ ജീവിതവും നന്മയും കാഴ്ചവയ്ക്കുവാൻ കുഞ്ഞുതോമ്മാച്ചനു കഴിഞ്ഞു. ആത്മീയകാര്യങ്ങളിലും വിജ്ഞാന സമ്പാദനത്തിലും ഉത്സാഹിയായിരുന്ന കുഞ്ഞുതോമ്മാച്ചൻ, മണ്ണുകൊണ്ട് കുഞ്ഞുദൈവാലയങ്ങൾ പണിതും കമ്പുകൾ വെച്ചുകെട്ടി കുരിശുകൾ ഉണ്ടാക്കിയും വൈദികനെന്നപോലെ കൂട്ടുകാരോടു പ്രസംഗിച്ചും വിശുദ്ധരുടെ ഛായാപടങ്ങളുടെ മുമ്പിൽ പ്രാർഥിച്ചും പ്രസന്നമായ മുഖഭാവവും പരസ്നേഹപ്രവൃത്തികളും നന്മയും കൊണ്ടു തന്നിലെ ദൈവികപുണ്യമായ പ്രത്യാശയുടെ വളർച്ച പ്രകടമാക്കി.

റോമിലെ പ്രൊപ്പഗാന്താ കോളേജിൽ വൈദികവിദ്യാർഥിയായിരുന്നപ്പോൾ

അദ്ദേഹം തന്റെ ഡയറിയിൽ കുറിച്ച പ്രതിജ്ഞ, അദ്ദേഹത്തിലുണ്ടായിരുന്ന ശരണമെന്ന പുണ്യത്തിന്റെ നിദർശനമാണ്: "ഈശോയുടെ തിരുഹൃദയവും പരിശുദ്ധ അമ്മയും എന്നെ സഹായിക്കുന്നില്ലെങ്കിൽ പുണ്യങ്ങളിലോ, പഠനത്തിലോ അഭിവൃദ്ധിപ്പെടാൻ എനിക്കു കഴിയില്ല." ഈ വാക്കുകളെത്തുടർന്ന്, "ഒരു വൈദികനുവേണ്ട പുണ്യങ്ങൾ എന്നിലുണ്ടാകുന്നതിന് അവരിൽ തന്നെയായിരിക്കും എന്റെ പൂർണശരണം. എന്റെ ജീവിതാവസാനംവരെ അതു ഞാൻ തുടരും, അങ്ങനെ നിത്യനായ ദൈവത്തോടൊപ്പം എന്റെ ആത്മാവും നിത്യം ജീവിക്കും" എന്ന പ്രതിജ്ഞാബദ്ധമായ ബോധ്യംകൂടി യുവത്വത്തിലേയ്ക്കു കാലൂന്നിയ ആ വൈദികവിദ്യാർഥി കുറിക്കുന്നത് എത്രമാത്രം ആത്മീയപ്രചോദനമാണ് പകരുന്നതെന്നു നോക്കുക! റോമിൽവച്ചു തയ്യാറാക്കിയിരുന്ന റോമായാത്ര എന്ന യാത്രാവിവരണത്തിലെ പ്രത്യാശാപൂർണമായ വാചകവും (പേജ് 5) നമ്മെ വിസ്മയിപ്പിക്കുന്നുണ്ട്. തിരുസ്സഭയ്ക്കു റോമിന്റെ മേലുണ്ടായിരുന്ന അധീശത്വം നഷ്ടപ്പെട്ടതിനെക്കുറിച്ച് എഴുതുമ്പോഴാണത്:

*1870-ൽ വിത്തൊറിയോ എമ്മാനുവേൽ എന്ന രാജാവ് അന്യായമായി റോമ്മായെ പിടിച്ചെടുത്തതു മുതൽ മാർപ്പായ്ക്കു റോമ്മാ മുതലായ സംസ്ഥാനങ്ങളുടെ രാജ്യഭരണം ഇല്ലാതെയായിരിക്കുന്നുവെങ്കിലും, നീതിയെ പാലിക്കുന്ന ദൈവം നീതിമാന്റെ പ്രാർഥനയെ ദയവോടെ കൈക്കൊള്ളാതെയിരിക്കയില്ലായെന്നു സാധാരണയായി വിശ്വസിക്കുന്നതു നിഷ്ഫലമായി പോകയില്ലെന്ന ഈ ശരണം പൂർത്തിയായി കാണാൻ സർവേശ്വരൻ വേഗം ഇടവരുത്തുമാറാകട്ടെ!*

നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രതീക്ഷയും പ്രത്യാശയും റോമായാത്ര എന്ന ഗ്രന്ഥത്തിന്റെ അവസാനം ഒരു യാചനയായും രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "എന്റെ ഈ ചെറിയ അധ്വാനത്തിന്റെ പ്രതിക്രിയയായി ഞാനും തിരുസ്സഭയുടെ ഒരു വിശ്വസ്ത ശുശ്രൂഷിയായി മരണംവരെ ജീവിക്കുന്നതിനും നിങ്ങളോടുകൂടെ സ്വർഗത്തിൽ ത്രിയേകദൈവത്തെയും മനുഷ്യനായി പിറന്ന ഈശോമിശിഹായെയും അഭിമുഖമായി കാണാനിടയാകുന്നതിനും സ്നേഹപൂർവം പ്രാർഥിക്കണമെന്നു യാചിക്കുന്നു." നിത്യജീവിതം ഉണ്ടെന്നുള്ള വിശ്വാസവും അതു പ്രാപിക്കാമെന്നുള്ള ശരണവും അദ്ദേഹത്തിന്റെ ഉള്ളിൽ മുദ്രണം ചെയ്തിരുന്നു എന്ന സത്യമാണ് ഇവിടെ വെളിപ്പെടുന്നത്.

വാഴപ്പള്ളി ആരാധനാമഠത്തിന്റെ നാളാഗമത്തിൽ നിത്യസൗഭാഗ്യത്തെക്കുറിച്ച് വന്ദ്യപിതാവിനുണ്ടായിരുന്ന പ്രത്യാശയെ ദൃശ്യമാക്കുന്ന ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. 1925 ഫെബ്രുവരി 16-ന് ബഹു. ത്രേസ്യാമ്മ മരണാസന്നയായപ്പോൾ, കുര്യാളശേരി പിതാവിൽനിന്ന് അന്ത്യകൂദാശകൾ ലഭിക്കുന്നതിന് ആഗ്രഹിച്ചു. പിതാവ് ഇതറിഞ്ഞ് മറ്റ് ബഹു. വൈദികരോടൊത്ത് വാഴപ്പള്ളി മഠത്തിലെത്തുകയും രോഗിക്ക് അന്ത്യകൂദാശകൾ നൽകുകയും ചെയ്തു. അതിനുശേഷം ബഹു. ത്രേസ്യാമ്മയോടു പറഞ്ഞു: "സഹോദരീ, സ്വർഗത്തിലെത്തുമ്പോൾ പരിശുദ്ധ അമ്മയോട് എന്നെക്കുറിച്ചുകൂടി പറയണമേ." എന്നാൽ, ആ വാചകം പൂർത്തിയാക്കുന്നതിനുമുമ്പേ, തന്റെ മരണത്തെ മുന്നിൽകണ്ടാലെന്നപോലെ ഇപ്രകാരം കൂട്ടിച്ചേർത്തു: "അല്ല, ഞാനായിരിക്കും സ്വർഗത്തിൽ ആദ്യമെത്തുക" (*Positio: Documentatio, 2076*). അതേ, പ്രത്യാശയിൽ അടിയുറച്ച ആത്മവിശ്വാസത്തോടെയാണ്: "എന്റെ മക്കളേ, മരണാ-

നന്തരം ഞാൻ ശുദ്ധീകരണസ്ഥലത്തിൽ പോകുന്നെങ്കിൽ അതു നിങ്ങളുടെ അപൂർണതകൾക്കു പരിഹാരമായിട്ടു മാത്രമായിരിക്കും'' എന്നു തന്റെ ആത്മീയമക്കളായ ആരാധനാസന്യാസിനികളോടു പറഞ്ഞതും.

### പ്രതികൂലസാഹചര്യങ്ങളെ പ്രത്യാശകൊണ്ടു നേരിട്ട പുണ്യാത്മാവ്

വന്ദ്യപിതാവിന്റെ വിശ്വാസത്തിലടിയുറച്ച പ്രത്യാശകൊണ്ട് പ്രതികൂല സാഹചര്യങ്ങളെ കുര്യാളശേരി പിതാവ് നേരിട്ട രീതികൾ മാതൃകാപരമാണ്. 1885-ൽ ചങ്ങനാശ്ശേരിയിൽ പഠിക്കുന്ന 12 വയസ്സുള്ള കുഞ്ഞുതോമ്മാച്ചന്റെ അപ്പച്ചൻ ദിവംഗതനായി. ആ സങ്കടവാർത്തയുമായി വന്നവർക്ക് ആശ്ചര്യമുണ്ടാകത്തക്കവിധം വിശ്വാസവും പ്രത്യാശയും പ്രകടിപ്പിച്ചുകൊണ്ട്, ദൈവതിരുമനസ്സിനു പൂർണവിധേയനായി സ്കൂളിൽനിന്നു പോരുന്നതും, സംസ്ക്കാരാദികർമങ്ങളിൽ പങ്കുചേരുന്നതും, തുടർന്ന് വിദ്യാഭ്യാസംതന്നെ നിർത്തിയതും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വിവരിക്കുന്നുണ്ട് (*മാർ തോമ്മാ കുര്യാളശ്ശേരി തിരുമനസ്സിലെ ജീചരിത്രം,16*). വൈദികപരിശീലനത്തിന് റോമിലേയ്ക്ക് അയയ്ക്കുവാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ടപ്പോഴും, സൈഥര്യലേപനവും ആസ്ഥപ്പാടുപട്ടവും നൽകി അന്നുതന്നെ, അതായത്, 1890 ജനുവരി 18-ന്, മറ്റൊരിടത്തും കയറാതെ റോമിലേയ്ക്കു പുറപ്പെടണമെന്ന അഭിവന്ദ്യ ചാൾസ് ലവീഞ്ഞു പിതാവു കല്പ്പിച്ചപ്പോഴും, 'അനുസരണയുള്ള പുത്രൻ' പ്രത്യാശയെന്ന പുണ്യത്തിലുള്ള തന്റെ വളർച്ചയും ഉയർച്ചയും ദൃശ്യമാക്കുന്നുണ്ട്. ഇക്കാര്യം ജീവചരിത്രത്തിലും (പേജ് 28), വന്ദ്യപിതാവ് വൈദികവിദ്യാർഥിയായിരുന്നപ്പോൾ തയ്യാറാക്കിയ റോമായാത്ര എന്ന ഗ്രന്ഥത്തിലും (പേജ് 2) കാണാവുന്നതാണ്.

പിതാവ് റോമിലെ 9 വർഷത്തെ പഠനത്തിനുശേഷം വൈദികാഭിഷിക്തനായി തിരിച്ചുപോരുന്ന അവസരത്തിൽ, പ്രൊപ്പഗാന്താ കോളേജ് ഡയറിയിൽ ഇങ്ങനെ കുറിച്ചു: ''ഞാൻ പത്രോസിന്റെ ദൈവാലയത്തിൽനിന്നും പോകുന്നു. ഞാൻ ഇവിടെത്തന്നെവന്ന് അവസാനിക്കും.'' *(സി. ശവേരിയായുടെ സാക്ഷ്യം, Positio: Summarium 757*) തന്റെ ആഗ്രഹത്തിന്റെയും വിശ്വാസത്തിന്റെയും സ്ഥിരീകരണമായിരുന്നു ഈ വാക്കുകൾ. തന്നെക്കുറിച്ചുതന്നെ നടത്തിയ പ്രവചനംപോലെ റോമിൽവച്ചുതന്നെ അദ്ദേഹത്തിന്റെ ഇഹലോകജീവിതം അവസാനിച്ചു. പ്രഥമദിവ്യബലിയർപ്പിച്ചതിന്റെ 26-ാം വാർഷികദിനത്തിൽ റോമിൽ വച്ചുതന്നെ അവസാനബലിയർപ്പിച്ചത്, അന്ന് പിതാവിന്റെ സെക്രട്ടറിയായിരുന്ന ജെയിംസ് കാളാശ്ശേരി അച്ചൻ (പിന്നീട്, മാർ ജെയിംസ് കാളാശ്ശേരി പിതാവ്) എഴുതിയ കത്തിൽ, കുർബാനയുടെ വേദസാക്ഷിയായി മരിക്കണമെന്നായിരിക്കാം കർത്താവിന്റെ നിശ്ചയമെന്ന് ആത്മഗതം പോലെ രേഖപ്പെടുത്തുന്നു. ദൈവിക പുണ്യമായ പ്രത്യാശയുടെ ഫലങ്ങൾ പിതാവിന്റെ ജീവിതത്തിൽ വളരെ പ്രകടമാണ്. പ്രത്യാശയോട് ചേർന്നുനിൽക്കുന്ന ഒരു പുണ്യമാണ് ക്ഷമ എന്നും പരിശുദ്ധാത്മാവിന്റെ ഫല-



ങ്ങളിൽ ഒന്നായ ക്ഷമ നമ്മുടെ പ്രത്യാശയെ നിലനിർത്തുകയും അതിനെ ഒരു പുണ്യവും ജീവിതരീതിയുമായി ബലപ്പെടുത്തുകയും ചെയ്യുന്നു എന്നും ഫ്രാൻ-സീസ് പാപ്പാ *പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല* എന്ന രേഖയിൽ നാലാം ഖണ്ഡികയിൽ എഴുതിയിരിക്കുന്നു. ഒരേസമയം പ്രത്യാശയുടെ പുത്രിയും അതിന്റെ ഉറച്ച അടിത്തറയുമായ ക്ഷമയെന്ന പുണ്യത്തോടൊപ്പം, ദൈവികവും ധാർമികവുമായ എല്ലാ പുണ്യങ്ങളും. പ്രത്യാശയോടുകൂടി നമുക്ക് മറ്റു കൃപകളും വന്നു ചേരുന്നു. ആനന്ദം, വിനയം, സമാധാനം, ദൈവസ്തുതി, ധാർമികജീവി-തം, പരസ്നേഹം ഇതെല്ലാം പ്രത്യാശയുള്ളവരുടെ ലക്ഷണമാണ്. അതു നമ്മുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്നു; വിശ്വാസത്തിന്റെ ശിക്ഷണം നല്കുന്നു. നമ്മുടെ വീക്ഷണത്തെ ശരിയായ ദിശയിലാക്കുന്നു: അവസാനമായി അതു നമ്മുടെ ആത്യന്തികലക്ഷ്യത്തിലേയ്ക്ക്, ദൈവവുമായുള്ള ഐക്യത്തിലേയ്ക്ക്, നിത്യജീവിതത്തിലേയ്ക്ക്, നയിക്കുന്നു. മേൽപ്പറഞ്ഞ സുകൃതങ്ങളെല്ലാം കു-ര്യാളശേരി പിതാവിൽ വളരെ പ്രകടമായിരുന്നു. അതേ, അക്കാലത്തെ ഡെല-ഗേറ്റ് അപ്പസ്തോലിക്കയായിരുന്ന അഭിവന്ദ്യ ഫ്യുമസോണി ബ്യോണ്ടിയുടെ വാക്കുകൾ അതു ശരിവയ്ക്കുന്നു: "ഈ കപ്പേള പണിയുന്നതിനുള്ള ധനാഗ-മമാർഗ്ഗം തോമാമെത്രാന്റെ ദൃഢമായ ദൈവവിശ്വാസമായ സ്ഥിരനിക്ഷേപവും ആത്മധൈര്യം, ദൃഢനിശ്ചയം, കർത്തവ്യബോധം എന്നീ കമ്പനി ഷയറുകളിൽ നിന്നുള്ള ഡിവിഡെന്റും ആകുന്നു." (ശ്രീ. ചാക്കോ കുര്യാളശേരിയുടെ സാക്ഷ്യം, *Positio, Summarium: 378*) 1918-ൽ വാഴപ്പള്ളി നിത്യാരാധനാക്കപ്പേളയ്ക്കു കല്ലീടിൽ കർമം നിർവഹിച്ച അവസരത്തിലായിരുന്നു അദ്ദേഹത്തിന്റെ ഈ അഭിപ്രായപ്രകടനം.

### പ്രത്യാശ എന്ന പുണ്യം പ്രസരിപ്പിച്ച പ്രവർത്തനങ്ങൾ

പ്രത്യാശയെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ പാപ്പാ 2007-ലെ പ്രത്യാശ-യിൽ രക്ഷ (*Spe Salvi*) എന്ന രേഖയിൽ എഴുതുന്നുണ്ട്. 'തനിക്ക് ഒരു ഭാവിയു-ണ്ടെന്ന വസ്തുത ഒരു ക്രിസ്തുവിശ്വാസിയിൽ പതിപ്പിക്കുന്ന വ്യതിരിക്തമായ മുദ്രയാണ് ഈ പുണ്യം. ... അവരുടെ ജീവിതം ശൂന്യതയിൽ അവസാനിക്കുക-യില്ലെന്ന് അവരറിയുന്നു. ഈയൊരു പ്രത്യാശ പകർന്നുകൊടുക്കുകയും, കർത്താവിന്റെ മൗതികശരീരത്തിലെ അംഗങ്ങളായവർ പരസ്പരം ഈ പ്രത്യാ-ശയിൽ ഉറപ്പിക്കപ്പെടുകയും ഈ പ്രത്യാശയിലേയ്ക്കു ലോകത്തെ സന്നിവേ-ശിപ്പിക്കുകയും ചെയ്യണം. പ്രാർഥന വഴിയെന്നപോലെ, സഹനങ്ങളോടു പങ്കുചേർന്നും, സഹനങ്ങളേറ്റെടുത്തും കരുണയുയടെ പ്രവൃത്തികളിലൂടെയും പ്രത്യാശയിൽ നിലനിൽക്കാനും, പ്രത്യാശ പകർന്നുകൊടുക്കാനും കഴിയും' എന്നു കൂടി ബെനഡിക്ട് പതിനാറാമൻ പാപ്പാ ഓർമിപ്പിക്കുന്നു. നവോത്ഥാന-ത്തിന്റെ കേളികൊട്ടുയർന്നിരുന്ന അന്നത്തെ കേരളത്തിന്റെ, പ്രത്യേകിച്ച് ചങ്ങനാശ്ശേരി വികാരിയാത്തിന്റെ, ആത്മീയ, ഭൗതിക ഉന്നതിയ്ക്കായി പ്രവർ-ത്തിക്കാൻ ഏറെ പ്രതീക്ഷയോടെ കർമപദ്ധതികൾ വൈദികാഭിഷിക്തനായി റോമിൽനിന്നു മടങ്ങുന്നതിനുമുമ്പ് അദ്ദേഹം തയ്യാറാക്കിയിരുന്നെന്നും നമു-ക്കറിയാം. 64 നമ്പറുകളിലായി തയ്യാറാക്കിയിരിക്കുന്ന ആ ഡയറിക്കുറിപ്പുക-ളിൽ, സമൂഹത്തിന്റെ സമഗ്രവികസനത്തിനായി, സ്വപ്നം കണ്ട് അതു പ്രവൃ-ത്തിപഥത്തിലാക്കാൻ ദൈവത്തിൽ പ്രത്യാശയർപ്പിച്ചു ദൃഢപ്രതിജ്ഞയോടുകൂടി നാട്ടിലെത്താൻ കൊതിക്കുന്ന ഒരു യുവവൈദികന്റെ സുന്ദരമായ മനസ്സ് പ്രതിഫലിക്കുന്നുണ്ട്.

വന്ദ്യപിതാവ് വൈദികനായി നാട്ടിലെത്തിയപ്പോൾ തുടങ്ങി ചെയ്ത എണ്ണമറ്റ പ്രവർത്തനങ്ങളുടെ പ്രഥമപടിയെന്നവണ്ണമുള്ള ആ ഡയറിക്കുറിപ്പുകളിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നവ മുഴുവൻ വിസ്തരിക്കാൻ നമുക്കു കഴിയില്ല. ചിലതുമാത്രം ശ്രദ്ധയിൽ പെടുത്തുകയാണ്. അവയിൽ ആദ്യനമ്പറിൽ രേഖപ്പെടുത്തിയ കാര്യം, അന്നത്തെ നാടിന്റെ ആയിരുന്നതും ആയിരിക്കേണ്ടതുമായ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെയാണ്: "കത്തോലിക്കരുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജാതിഭേദങ്ങൾ മാറ്റുന്നതിനായി മെത്രാന്മാരും, പട്ടക്കാരും, പ്രധാനജനങ്ങളും ഒരുമിച്ച് ഒരു നാട്ടുസംഘം കൂടുന്നത്". നാട്ടുസംഘം എന്ന ആഗ്രഹം നടപ്പിലാക്കാൻ കഴിഞ്ഞോ എന്നതിനു വ്യക്തതയില്ല. അന്നു സമൂഹത്തിൽ ദരിദ്രരും ദളിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായിരുന്നവർക്കുവേണ്ടി ലത്തീൻ മിഷനറിമാരും സുറിയാനിസഭയിലെ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനും കർമ്മലീത്താ സന്യാസികളും, ബ്രദർ റോക്കി, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ തുടങ്ങിയ അത്മായരും ചെയ്തുപോന്ന പ്രവർത്തനങ്ങൾ അവരുടെ സത്യവിശ്വാസത്തിന്റെയും, എല്ലാ മനുഷ്യർക്കും ദൈവതിരുമുമ്പിലുള്ള മനുഷ്യമഹത്വത്തെക്കുറിച്ചുള്ള അവരുടെ നീതിബോധത്തിന്റെയും നിദർശനങ്ങളായിരുന്നു. ആ ഒരു പിൻതുടർച്ച വളരെ ക്രിയാത്മകമായും ഫലവത്തായും കുര്യാളശേരി പിതാവ് നടപ്പിലാക്കി. ദൈവാലയങ്ങളിൽ, ക്രൈസ്തവചൈതന്യത്തിന് ഒട്ടും നിരക്കാത്ത രീതിയിലുള്ള വിവേചനം ദളിത് ക്രൈസ്തവരുടെ നേരെ യാഥാസ്ഥിതിക ക്രൈസ്തവരിൽ നിന്നുണ്ടായപ്പോൾ, അദ്ദേഹം അതിനെതിരെ എഴുതി: "പുതുക്രിസ്ത്യാനികളും പഴയ ക്രിസ്ത്യാനികളും കർത്താവിന്റെ മുമ്പിൽ ഭേദമില്ലാത്തവരാകയാൽ, ഒരു കൂട്ടർക്ക് ഒരു പ്രത്യേക സ്ഥലം എന്നു വരുന്നത് ഒട്ടും ശരിയല്ല. ആയതിനാൽ, മദ്ബഹായിൽ പഴയ ക്രിസ്ത്യാനികൾ കുർബാന കൈക്കൊള്ളുന്നിടത്തുതന്നെ പുതുക്രിസ്ത്യാനികളും കുർബാന കൈക്കൊള്ളേണ്ടതാകുന്നു." (*ചങ്ങനാശ്ശേരി ഇന്നലെ, ഇന്ന്, വാല്യം 3, ഭാഗം 1*). ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യത്തോടെ, അവരുടെ ആധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു; അവരുടെ കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ നിർദേശിക്കുകയും ഇടവക വികാരിമാർക്കും സ്കൂൾ അധികൃതർക്കും പ്രത്യേക നിർദേശങ്ങൾ നല്കി. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും പള്ളിക്കാപറമ്പിൽ പൗലോസച്ചനും മറ്റും മീനച്ചിൽ ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾക്കു വലിയ പ്രോത്സാഹനം നല്കുകയും ചെയ്തു.

കുര്യാളശേരി തോമാ ശെമ്മാശന്റെ ഡയറിക്കുറിപ്പിൽ രണ്ടാമത്തെ നമ്പറായി കാണുന്നത് ഇപ്രകാരമാണ്: "നാട്ടിന്റെ ഗുണത്തിനായി, പള്ളിക്കൂടങ്ങൾ, ആശുപത്രികൾ മുതലായവ സ്ഥാപിക്കുന്നതിന് ഒരു പണസംഖ്യ സമ്പാദിക്കുന്നത്. ഇപ്രകാരം എല്ലാ ഇടവകകളിലും വേദോപദേശം പഠിപ്പിക്കുന്നതിനായി ചെറിയ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നത്." 17-ാമത്തെ നമ്പറിൽ അദ്ദേഹം കുറിച്ചിരിക്കുന്നതിങ്ങനെ: "പെൺപൈതങ്ങൾക്കായി വലുതായ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും അവിടെ തൈപ്പു മുതലായവ പഠിപ്പിക്കുന്നതിനും മറ്റും ശ്രമിക്കുന്നത്." 19-ാമത്തെ നമ്പറിൽ അദ്ദേഹമെഴുതി: "ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന പൈതങ്ങൾക്കുവേണ്ടി വലിയ ശാലകൾ ഉണ്ടാക്കുകന്നത്".

മേൽപ്പറഞ്ഞ ആഗ്രഹങ്ങളിൽ അദ്ദേഹം നടപ്പിലാക്കിയവയിൽ ചുരുക്കം ചിലതു മാത്രം നമുക്കു നോക്കാം, അതിന്, 1924 -ൽ വന്ദ്യപിതാവിന്റെ പൗരോഹിത്യജൂബിലി ആഘോഷത്തോടനുബന്ധിച്ച്, രൂപതയിലെ വൈദികർ സമർ-

പ്പിച്ച മംഗളപത്രത്തിൽ നിന്നു ഉദ്ധരിക്കുന്നതാണ് ഹ്രസ്വവും കാര്യമാത്രപ്രസക്തവുമായത് എന്നു വിചാരിക്കുന്നു: 32 ഖണ്ഡികകളിലായി ഏറെ ദൈർഘ്യമാർന്ന ആ മംഗളപത്രം, ആഗ്രഹങ്ങളുടെ മനുഷ്യനായ, മാർ തോമസ് കുര്യാളശ്ശേരിയുടെ വിദ്യാഭ്യാസപ്രവർത്തനത്തെക്കുറിച്ച് അന്നുള്ളവരെയെന്നപോലെ, ഇന്നുള്ളവരെയും അനുസ്മരിപ്പിക്കുന്നതിങ്ങനെ: "പ്രവീണന്മാരായ പുരോഗാമികൾ വെട്ടിത്തെളിച്ച്, വിശാലവും സുഗമവുമാക്കിത്തീർത്ത വിദ്യാഭ്യാസപന്ഥാവിൽ കൂടിയുള്ള അവിടുത്തെ തീവ്രമായ ഓട്ടത്തിന്റെ ഫലമായി സ്തുത്യർഹമായി നടത്തപ്പെട്ടുവരുന്ന സെന്റ് ബെർക്കുമാൻസ് കോളേജു സ്ഥാപനത്താലും രൂപതയുടെ പല ഭാഗങ്ങളിലും സംസ്ഥാപിതമായിരിക്കുന്ന അനേകം ഹൈസ്കൂളുകൾ, മിഡിൽ സ്കൂളുകൾ ആദിയായവയെക്കൊണ്ടും ഈ രൂപതയെ വിദ്യാഭ്യാസവിഷയത്തിൽ അനിതരസാധാരണമായ ഉയർന്ന നിലയിൽ കൊണ്ടുവരുന്നതിനും അനവധി ഉന്നതവിദ്യാഭ്യാസ ബിരുദധാരികളായ വൈദികരത്നങ്ങളെക്കൊണ്ടും വിദ്വാന്മാരായ യുവാക്കന്മാരാലും വിദുഷികളായ യുവതികളെക്കൊണ്ടും അലങ്കരിക്കുന്നതിനും അവിടുത്തേയ്ക്കു സാധിച്ചിട്ടുണ്ട്... .'

മംഗളപത്രം തുടരുന്നു... "തീരെ മന്ദഗതിയിലായിരുന്ന നമ്മുടെ സ്ത്രീവിദ്യാഭ്യാസം ഇന്ന് ഏതു നിലയെ പ്രാപിച്ചിരിക്കുന്നുവെന്ന് ആർക്കാണ് കാണുവാൻ കഴിയാത്തത്? ഉന്നതവിദ്യാഭ്യാസത്തിനായും ബാലവിദ്യാർഥികൾക്കായും രൂപതയിൽ പലേ സ്ഥലങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള ഇംഗ്ലീഷ്, മലയാളം ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂൾ, മിഡിൽ സ്കൂളുകൽ ആദിയായ സ്ത്രീവിദ്യാലയങ്ങൾ എത്രയെന്നും, പരീക്ഷാവിജയിനികളായ മഹിളാമണികൾ എത്രയെന്നും ഇംഗ്ലീഷ് ഭാഷയിലും മലയാളഭാഷയിലും വിദ്യാർഥികളോടു കിടപിടിക്കത്തക്ക വിദ്യാർഥിനികളുടെ സംഖ്യ എത്രയെന്നും പ്രതിപാദിക്കുന്നതിനു ഞങ്ങൾ ഒരുമ്പെടുന്നില്ല... ." ഈ രൂപതയുടെ വിജ്ഞാന സംസ്ക്കരണ വിശാരദന്മാരയ പ്രശസ്ത മഹാത്മാക്കളാൽ നടത്തപ്പെട്ട സ്ത്രീവിദ്യാഭ്യാസമെന്ന ഉത്തമതരു, തിരുമനസ്സിലെ പ്രത്യേക ലാളനയ്ക്ക് പാത്രീഭവിച്ച ക്ഷണംമുതൽ അതു ശാഖോപശാഖകളായി വളർന്ന്, പുഷ്പിച്ച് കമനീയങ്ങളും ആസ്വാദ്യതരങ്ങളുമായ ഫലങ്ങൾ നൽകുമെന്ന പ്രതീക്ഷകൂടി അവർ പങ്കുവയ്ക്കുന്നുണ്ട്.

ആരാധനാസന്യാസിനിസമൂഹം സ്ഥാപിക്കാനും അന്നുണ്ടായിരുന്ന കർമലീത്താ, ക്ലാര, തിരുഹൃദയമഠങ്ങളെ ശക്തമാക്കാനും പിതാവു യത്നിച്ചതായി അനുസ്മരിക്കുന്ന ഭാഗവും ഇവിടെ പ്രസക്തമാണ്. അതേ മംഗളപത്രത്തിൽ ഇതുകൂടി വായിക്കാം: "... രൂപതയുടെ ചതുർഭാഗങ്ങളിലും, കുഗ്രാമങ്ങളിലും അധിവസിക്കുന്ന സന്താനവല്ലികളുടെ പ്രയോജനാർഥം വിവിധനാമങ്ങളാൽ അറിയപ്പെടുന്ന അനവധി കന്യകാശ്രമങ്ങളെ ഇക്കാലംകൊണ്ട് അവിടുന്നു സ്ഥാപിക്കുകയും അവയുടെ ശ്രേയസ്ക്കരമായ ഉന്നമനത്തിനായിട്ടു സർവാത്മനാ ഉത്സുകനായി വർത്തിക്കുകയും ചെയ്തിട്ടുള്ളത് ... സ്ത്രീലോകം എന്നെന്നും സ്മരിക്കതന്നെ ചെയ്യും". ആരാധനാസന്യാസിനി സമൂഹത്തിന്റെ നിയമാവലിയിൽ അദ്ദേഹം ഇപ്രകാരം എഴുതിച്ചേർത്തു: "പെൺപള്ളിക്കൂടങ്ങൾ വഴി ഭവനങ്ങളെയും കരകളെയും രാജ്യങ്ങളെയും നവീകരിക്കുകയും ഗുണീകരിക്കുകയും ചെയ്തുകൊണ്ട് അവയെ ദൈവത്തിൻപക്കലേയ്ക്ക് ഏറ്റം സഫലമായി നിങ്ങൾക്ക് അടുപ്പിക്കാവുന്നതാണ്." (നിയമാവലി, മൂന്നാം ഭാഗം, അധ്യായം 10 , ഖണ്ഡിക 2).

ആരാധനാ സന്യാസിനിസമൂഹത്തിനായി ഓറെശ്ലേംപള്ളി നിർമിക്കുന്ന-

തിനും, അർഥിനികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും അവർക്കുവേണ്ട താമസസൗകര്യവും മറ്റ് ആവശ്യങ്ങളും നിവർത്തിക്കുന്നതിനും അദ്ദേഹത്തിന്റെ വലംകൈയായി ബഹു. ഷന്താളമ്മ പ്രവർത്തിച്ചിരുന്നുവെങ്കിലും നിരവധിയായ പ്രതിബന്ധങ്ങളെ പിതാവിനു നേരിടേണ്ടി വന്നിട്ടുണ്ട്. ''ഈദൃശമായ പ്രത്യാശ ഞങ്ങൾക്കുള്ളതുകൊണ്ട് ഞങ്ങൾ ധൈര്യമുള്ളവരാണ്'' (2 കൊറി. 3:12) എന്ന് പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, പ്രത്യാശ ഏതു പ്രതിബന്ധങ്ങളെയും നേരിടുവാൻ വന്ദ്യപിതാവിനെ ധൈര്യപ്പെടുത്തി. അതെ, അദ്ദേഹം ഭാവിമഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയെന്ന ലെൻസിലൂടെയാണ് എല്ലാം നോക്കിക്കണ്ടത്. അത് അദ്ദേഹത്തിന് സഹനത്തെക്കുറിച്ചും കഷ്ടതയെക്കുറിച്ചും അനിതരസാധാരണമായ ഒരു ദർശനം നൽകി. എണ്ണമറ്റ പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ട്, ഈ ലോകജീവിതത്തെ, അനേകരുടെ ജീവിതത്തെ നിത്യജീവിതത്തിനനുസൃതമായി ക്രമപ്പെടുത്താൻ മാത്രമല്ല, ലോകത്തെ കൂടുതൽ നന്മയിലുയർത്തി ദൈവരാജ്യസംസ്ഥാപനമെന്ന ദൗത്യം ഏറെ പൂർണതയിൽ നിർവഹിക്കാനും പ്രാപ്തനാക്കി. അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങളും പ്രബോധനങ്ങളും, ദൈവം ഓരോരുത്തരിലും നിക്ഷേപിച്ചിരിക്കുന്ന പ്രത്യാശ എന്ന പുണ്യത്തെ വളർത്താനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഉയരാനും ഇടയാക്കി. അവ അദ്ദേഹത്തെ പ്രത്യാശ എന്ന സുകൃതത്തിന്റെ ആത്മീയാചാര്യനാക്കി എന്നു പറയാം.

### പ്രത്യാശ എന്ന സുകൃതത്തിന്റെ ആത്മീയാചാര്യത്വം പ്രബോധനങ്ങളിലൂടെ

പൗലോസ് ശ്ലീഹാ സർവപ്രകാരേണയും പ്രത്യാശയുടെ ആത്മീയാചാര്യനായി മാറുന്നതു അപ്പസ്തോലപ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ പേരിലുള്ള ലേഖനങ്ങളിലും വളരെ പ്രകടമാണ്. പ്രത്യാശയിൽ ജീവിക്കുന്നതിനു നമുക്കു മാതൃക നൽകി, പ്രത്യാശയുടെ കാരണവും ലക്ഷ്യവുമെല്ലാം വിശദീകരിച്ചു പ്രബോധിപ്പിക്കുന്ന പ്രത്യാശയുടെ മിഷനറിയായ ശ്ലീഹായെ പ്രത്യാശയുടെ ആത്മീയാചാര്യനെന്നു വിളിക്കുക ഉചിതമാണ്. ഭൂമിയിൽ അവതരിച്ച രക്ഷകന്റെ ഉത്തമശിഷ്യനായും വരാനിരിക്കുന്ന ദൈവമഹത്വത്തിന്റെ സുവിശേഷപ്രസംഗകനായും മിശിഹായിലുള്ള പ്രത്യാശ അന്നുള്ളവർക്കെന്നപോലെ 2000 ത്തോളം വർഷങ്ങളിലൂടെ ഇന്നുവരെയുള്ള വിശ്വാസികൾക്കു പകർന്നുകൊടുത്ത ശ്ലീഹായെ അനുകരിച്ച പിതാവിന്റെ വിശ്വാസത്തിൽ അടിയുറച്ച പ്രത്യാശനിറഞ്ഞ കർമങ്ങളും, പ്രബോധനങ്ങളും അന്നുമുതൽ ഇന്നുവരെയും, നൈരന്തര്യം നിലനിർത്തിക്കൊണ്ട്, അനുസ്മരിച്ചും ശ്രവിച്ചും വായിച്ചും മനനംചെയ്തും പ്രത്യാശയെന്ന പുണ്യം നഷ്ടപ്പെടുത്താതെ നമ്മെ കാത്തുസൂക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നുവെന്ന യാഥാർഥ്യം വിസ്മരിക്കുകവയ്യ.

നിത്യരക്ഷയിലുള്ള പ്രത്യാശ വളർത്തുന്നതിന് പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെയും വിവിധദൗത്യങ്ങളിലൂടെയുള്ള രക്ഷാകരകർമത്തെ വിശദീകരിച്ചു പഠിപ്പിക്കുന്നുണ്ട്. 50-ാം നമ്പർ ഇടയലേഖനത്തിലെ ഒരു ഭാഗം നോക്കുക: ''പിതാവായ ദൈവം മനുഷ്യജാതിയെ വീണ്ടെടുക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയപ്പാൻ മടിച്ചില്ല. പുത്രനായ ദൈവം മനുഷ്യരക്ഷയെന്ന ഏറ്റം ശ്രമസാധ്യമായ വേലയെ ഭയങ്കരമായ കുരിശുമരണത്താൽ സാധിച്ചു. പരിശുദ്ധാത്മാവോ, ഈ വിശുദ്ധവേലയെ ലോകാവസാനത്തോളം തുടർന്നു നിർവഹിച്ചുവരികയും ചെയ്യുന്നു''. ദിവ്യകാരുണ്യത്തിന്റെ മെത്രാൻ എന്നു വിളിക്കപ്പെട്ടിരുന്ന മാർ തോമസ് കുര്യാളശ്ശേരി, പരി. കുർബാനയോടുള്ള

സ്നേഹവും ഭക്തിയും പരി. കുർബാനയിലുള്ള പ്രത്യാശയും വർധിപ്പിക്കുന്നതിന് മിക്കവാറും ഇടയലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നതു കാണാം. പരിശുദ്ധ കുർബാന ദൈവാരാധനയൊക്കെയുടെയും മധ്യവും കേന്ദ്രവുമാണ് എന്ന ബോധ്യം ഇടയലേഖനം 47-ൽ പിതാവു പങ്കുവയ്ക്കുമ്പോൾ, 100-ാമത്തെ ഇടയലേഖനം പരിശുദ്ധ കുർബാനയ്ക്ക് ഒരു വാഴ്ത്തുപാട്ടുപോലെ കവിതാത്മകമായിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

"ദൈവമാതാവിലാണ് പ്രത്യാശ അതിന്റെ പരമോന്നതസാക്ഷ്യം കാണുന്നത്" എന്നും, "കുരിശിൻ ചുവട്ടിൽ ... ദുഃഖത്താൽ നിറഞ്ഞവളെങ്കിലും ... അവൾ ഒരിക്കലും ദൈവത്തിലുള്ള ആശ്രയവും പ്രത്യാശയും ഉപേക്ഷിച്ചില്ല" എന്നും ഫ്രാൻസീസ് പാപ്പാ പറയുന്നു. ഒരു നൂറ്റാണ്ടുമുമ്പ്, പരി. അമ്മ നമ്മുടെ പ്രത്യാശകളുടെ ഏക ന്യായവുമാണെന്നു പറഞ്ഞുകൊണ്ട്, "പ്രത്യാശയോടും ഹൃദയതാഴ്മയോടും കൂടിയുള്ള പ്രാർഥന കേൾക്കപ്പെടാതിരിക്കയില്ല" എന്നുകൂടി അമ്മയുടെ മാതൃക ചൂണ്ടിക്കാണിച്ചുകൊണ്ട് കുര്യാളശേരി പിതാവു നമ്മെ ഓർമിപ്പിക്കുന്നു (ഇടയലേഖനം 12). വീണ്ടും 43-ാം നമ്പർ ഇടയലേഖനത്തിൽ പറയുന്നു: "ജപമാലയുടെ രഹസ്യങ്ങൾ നമ്മുടെ കൺമുമ്പാകെ വയ്ക്കുന്ന കർത്താവിന്റെയും ദിവ്യമാതാവിന്റെയും ജീവിതത്തെ നാം ശ്രദ്ധാപൂർവം ധ്യാനിക്കുമ്പോൾ നമ്മിൽ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികപുണ്യങ്ങൾ ജ്വലിക്കാതിരിക്കുകയില്ല. കൂടാതെയും ആ രഹസ്യങ്ങൾ നമ്മെ പഠിപ്പിക്കുന്ന പുണ്യങ്ങളെ അനുകരിപ്പാനും അവ നമുക്കു വാഗ്ദാനം ചെയ്യുന്നവകളെ പ്രാപിപ്പാനും നാം ഉത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു." നമ്മുടെ ഏതു ദുഃഖവേളകളിലും പ്രത്യാശയോടുകൂടി ജീവിക്കാൻ നമുക്കു നമ്മുടെ കർത്താവിന്റെയും പരിശുദ്ധ അമ്മയുടെയും അപ്പസ്തോലന്മാരുടെയും വിശുദ്ധരുടെയും ജീവിതങ്ങളെ പിതാവു മാതൃകയാക്കിയതുപോലെ അവരെ മാതൃകയാക്കാനുള്ള ഉപദേശങ്ങളും പ്രബോധനങ്ങളുമാണ് കുര്യാളശേരി പിതാവിന്റെ ഇടയലേഖനങ്ങളുടെ ഒരു പ്രധാന ഉള്ളടക്കമെന്നു പറയാം.

### ഉപസംഹാരം

നൂറുവർഷം മുമ്പുള്ള മെയ്മാസത്തിൽ പിതാവു റോമിലാണ്. പിതാവു ജനിച്ചതിനു പന്ത്രണ്ടുദിവസം മുമ്പ്, 1973-ൽ ജനുവരി 2-നു ജനിച്ച വി. കൊച്ചുത്രേസ്യായുടെ വിശുദ്ധപദവി അധികമായ പ്രത്യാശയോടെ ആഗ്രഹിച്ചു പ്രാർഥിക്കുകയും ദൈവജനത്തെക്കൊണ്ട് പ്രാർഥിപ്പിക്കുകയും ചെയ്ത പിതാവിന് ആ വിശുദ്ധയുടെ വിശുദ്ധപദപ്രഖ്യാപനത്തിൽ പങ്കുചേരാൻ കഴിഞ്ഞു, 1925 മെയ് 21-ന്. വി. കൊച്ചുത്രേസ്യായുടെ വിശുദ്ധപദവിയുടെ ശതാബ്ദിയുമാണിത്. പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പ് പിതാവിന്റെ ജീവിതത്തിലൂടെ കടന്നുപോകുന്നവർക്കു കാണാൻ കഴിയും. ധന്യനായ നമ്മുടെ വന്ദ്യപിതാവിനുണ്ടായിരുന്ന ഉറച്ച ദൈവവിശ്വാസം, ദൈവത്തിൽ ശരണപ്പെടുവാനും, ദൈവസ്നേഹത്തിൽ ഐക്യപ്പെടുവാനും ഇടയാക്കി. "പ്രത്യാശയിൽ സന്തോഷിച്ച്, ക്ലേശങ്ങളിൽ സഹനശീലനായിരുന്ന്, പ്രാർഥനയിൽ സ്ഥിരതയുള്ളവനായിരുന്ന" (റോമാ. 12:12) നന്മയേറെ ചെയ്ത വന്ദ്യപിതാവു കടന്നുപോയതിന്റെ ഈ നൂറാം വാർഷികത്തിൽ, പ്രത്യാശ നിറഞ്ഞ ഒരു ജീവിതം, പ്രത്യാശയിൽ സന്തോഷിക്കുന്ന ഒരു ജീവിതം, പ്രത്യാശ മറ്റുള്ളവർക്കേകുന്ന ഒരു ജീവിതം നയിക്കാൻ പ്രത്യാശയുടെ ആത്മീയാചാര്യനായ ആ പുണ്യാത്മാവിന്റെ മാധ്യസ്ഥ്യം നമുക്കു യാചിക്കാം.

• കവിത



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ്

**സി. ഡോ. ജ്യോതി കോടിക്കുളം** SABS
ബിഷപ് കുര്യാളശേരി നേച്ചർ ക്യുവർ &
യോഗാ സെന്റർ, ഇടയിരിക്കപ്പുഴ



പ്രകാശവർഷങ്ങൾക്കപ്പുറം നിന്നാലും
പ്രഭാകിരണങ്ങൾ പൊഴിച്ചിടുവാൻ
പൂർണ്ണേന്ദു ശോഭയിൽ മിന്നിത്തിളങ്ങുന്ന
പുണ്യാർദ്ര സ്മരണകൾക്കൊരു നൂറ്റാണ്ട്

മണ്ണിൽ പദ മൂന്നി നിൽക്കുമ്പോഴും
വിണ്ണിനെ നോക്കി ചിരിതൂകിനിന്നാ
ചെറുബാല്യമെപ്പോഴും നിറദീപം പോലെയാ
സ്വർലോക കാന്തിയിൽ നിർലീനമായ്

ഭൂവിതാതനേകിയ വാത്സല്യ തിരകള
ന്നിമ പൂട്ടും നൊടിയിൽ നിലച്ചീടവേ
കൈവല്യ താതന്റെ കരളൂറും സ്നേഹമാ
കരയുന്ന നെഞ്ചിൽ കുളിർമാരിയായ്

അവിടെത്തുടങ്ങുന്നു ആർദ്രമാം
സ്നേഹത്തെ അവനിപഥങ്ങളിൽ പങ്കുവെയ്ക്കാൻ
അവിരാമമൊഴുകുന്ന ചെറുചാൽ
പോലെയാ, ജീവിത സ്പന്ദന, മർപ്പണമായ്.

മാഞ്ഞു തുടങ്ങുന്ന മായ പ്രപഞ്ചത്തിൻ
മുഗ്ധ സൗന്ദര്യ കതിർനാമ്പുകളെ
മന, ജ്ഞാനമാഴത്തില, ഒന്നറിഞ്ഞതു മുതൽ
മാറാത്ത വിൺകാന്തി, യുയിർ നാളമായ്

പഠനം പരിചയം പുതുലോക കാഴ്ചകൾ
പര, മോരോ വഴിയിലും പാഠങ്ങളായ്
പകർന്നകതാരിന്റെയാഴങ്ങളേറ്റവേ
പുരോഹിത ജീവിത പഥം തുറന്നു.

പൊടിഞ്ഞുടഞ്ഞെത്തുന്ന ഗോതമ്പുമണികൾ
പതഞ്ഞിടാൻ ചതയുന്ന മുന്തിരി പഴങ്ങളും
പരിശുദ്ധ കുർബാന കൂദാശ വസ്തുവാം
പരിചിത മേവർക്കുമന്നു മിന്നും.

പരനാ, യപരനായ് തൻ മുൻപിലെത്തുന്ന
പരശ്ശതമുള്ളത്തിലപ്പമായി
പരിശുദ്ധനാഥന് പരിചിൽ പിറക്കുവാൻ
പണിയെടുത്തിടും പെരും തച്ചനായി.

പ്രാർത്ഥിച്ചു. പ്രവർത്തിച്ചു. പ്രാശ്ചിത്തമേറ്റിച്ചു
പ്രാണൻ പിളർക്കും പുണ്യ സ്നേഹമൊന്നാൽ
ചേർത്തണച്ചാപുണ്യ താതന്റെ യുൾത്തടം
പതിതരെ, പാണനെ, പാപിയെയും

നിറവാർന്ന കാന്തിയിൽ തിരുനാഥനായി
നിത്യമാരാധനയർപ്പിച്ചിടും
നിറദീപസമമാകുംമാലാഖമാർ പോലെ
നിറയണമിവിടെയും കന്യകമാർ.

ഉൾത്താരിലെ കനകസ്വപ്നമായതു ചുമ
ന്നുണർവിലും ഊണിലും ഉറക്കത്തിലും
ഉള്ളിന്റെയൾത്താര വേദിയിൽ തൂകിയങ്ങു -
രുകുമാ ദാഹ, മതുൺമയായി.

ദിവ്യകാരുണ്യമേ കരുണ തൻ അപ്പമേ
കനിവിറ്റു വിഴുന്ന മരമെന്നപോൽ
ഞങ്ങൾക്കു നൽകിയ ധന്യനാം താതനായ്
നന്ദി പറയാനി വാഴ്ത്തു പോരാ.

കാരുണ്യം, ഉന്മേഷം, കാര്യത്തിൻ ഗൗരവം,
കടമകൾ തീർത്തിടാൻ അർപ്പണവും
മിതഭാഷി, മാതൃമനം പോലെ വാത്സല്യം
അകലേക്ക് നീളുന്ന യുൾക്കാഴ്ചയും.

അറിവിന്റെ നിറകുടം അലിവിന്റെ,
യവതാരം അശുദ്ധിയെ അകറ്റുന്ന ആർജ്ജവത്വം
പരിസരമെങ്ങുമേ തുളുമ്പിപ്പരക്കുന്ന
പരിശുദ്ധ ജീവിത പരിമളവും.

ഏതിനും മുകളിലായി പരിശുദ്ധ ബലി തന്നിൽ
പ്രാണനായി മാറ്റിയ സ്നേഹാഗ്നിയും.
പകർന്നീ പ്പാരിതിൽ, ചിരവും ചരിച്ചിടാൻ
കുർബാനസ്നേഹത്തിൻ പാതകളെ.

ധന്യനാം താതനേ, നിർമല താരമേ
നന്ദിയാൽ കൂപ്പുന്നു കൈത്താരുകൾ
ധന്യനാം താതനേ, നിർമല താരമേ
നന്ദിയാൽ കൂപ്പുന്നു കൈത്താരുകൾ.



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ സുകൃത വഴിത്താര

**സി. മേഴ്സി കാവാലം എസ്.എ.ബി.എസ്.**
**സെന്റ് തോമസ് പ്രോവിസ്, ചങ്ങനാശേരി**



**വിശുദ്ധ ഗ്രന്ഥത്തിൽ,** പ്രഭാഷകൻ, 49:1-ൽ പറയും പോലെ ഏവരുടെയും മനസ്സിൽ സുന്ദര സുരഭില സുഗന്ധം പരന്നൊഴുക്കുന്ന വിശുദ്ധിയുടെ പരിമളം പരത്തിയ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 100-ാം ചരമവാർഷികത്തിൽ പിതാവിനെപ്പറ്റി എഴുതാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാലം കാത്തുസൂക്ഷിച്ച വന്ദ്യപിതാവിന്റെ സുകൃത വഴിത്താരയിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം.

നന്മതിന്മകൾ തിരിച്ചറിയാൻ തുടങ്ങിയ കാലം മുതൽ വിശുദ്ധമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ്. പിതാവിനോടൊപ്പം ജീവിച്ചിട്ടുള്ളവർ ഒരേ സ്വരത്തിൽ സാക്ഷ്യപ്പെടുത്തുന്ന ഒരു വസ്തുതയാണ് പിതാവ് 'ഒരു വിശുദ്ധൻ ആയിരുന്നു' എന്നത്. പിതാവിന്റെ പ്രാർത്ഥനകൾ, കത്തുകൾ, ഡയറി, ജീവിതകാലത്തും മരണശേഷവും അദ്ദേഹത്തെക്കുറിച്ചുള്ള കത്തുകൾ എന്നിവയെല്ലാം ചെറുപ്പം മുതൽ പിതാവ് സുകൃതജീവിതം നയിച്ചിരുന്നു എന്നതിന് ഉത്തമദൃഷ്ടാന്തങ്ങളാണ്. മുതിർന്നവരെ ആദരിക്കുന്നതിലും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നതിലും വന്ദ്യപിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാർ ചാൾസ് ലവീഞ്ഞ് പിതാവ് പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ തലവന് കുര്യാളശ്ശേരിൽ തോമാശെമ്മാശനെകുറിച്ച് എഴുതിയ ശുപാർശകത്തിൽ, "ഈ വൈദിക വിദ്യാർഥി ഭാവിയിൽ സഭയെ വിശ്വസ്തതയോടെ സേവിക്കുമെന്ന് പ്രത്യാശിക്കുന്നു" എന്ന് രേഖപ്പെടുത്തിയിരുന്നു.



ജീവിതകാലത്ത് അറിഞ്ഞുകൊണ്ട് ഒരു പാപം പോലും ചെയ്യാതിരിക്കാനും എല്ലായ്പ്പോഴും പുണ്യത്തിൽ വർദ്ധിക്കുന്നതിന് കൃപ ലഭിക്കാനും ഇടയായത് ദൈവം തനിക്ക് നൽകിയ വലിയ മനോഗുണങ്ങൾ ആയിട്ടാണ് തോമാ ശെമ്മാശൻ ഡയറിയിൽ എഴുതിയിരിക്കുന്നത്. ഓരോ സുകൃതവും അഭ്യസിക്കുന്നതിന് ഓരോ വിശുദ്ധരെ അദ്ദേഹം മാതൃകയാക്കിയിരുന്നു. “സാക്ഷാൽ ഇദ്ദേഹം ഒരു പുണ്യവാനാണ്;. ഭാഗ്യവാനാണ്; കുർബാനയുടെ വേദസാക്ഷിയാണ് എന്ന് റോമാ മുഴുവൻ ശ്രുതി പരന്നിരിക്കുന്നു” എന്നാണ് കുര്യാളശ്ശേരി പിതാവിന്റെ മരണശേഷം റോമായിൽ നിന്നും എഴുതിയ കത്തിൽ കുര്യാളശേരി പിതാവിന്റെ സെക്രട്ടറിയായി അന്ന് കൂടെയുണ്ടായിരുന്ന, പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയായിതീർന്ന, മാർ ജെയിംസ് കാളാശ്ശേരി പിതാവ് എഴുതിയത്. മാമോദിസായിൽ ദാനമായി ലഭിച്ച ദൈവീക വരപ്രസാദത്തിൽ പിതാവ് വളർന്നു. മരിക്കേണ്ടി വന്നാൽപോലും അതിൽ നിലനിൽക്കുന്നതിന് പരിശ്രമിക്കും എന്ന ദൃഢനിശ്ചയം പിതാവിന് ഉണ്ടായിരുന്നു.

വിശ്വാസത്തിൽ നമ്മുടെ പിതാവും ഭാരത അപ്പസ്തോലനുമായ മാർ തോമാശ്ലീഹായുടെ നാമം സ്വീകരിക്കാൻ സാധിച്ചത് ഒരനുഗ്രഹമായി അദ്ദേഹം കരുതി. പരിശുദ്ധ ത്രീത്വത്തിന്റെ സ്നേഹം പരിശുദ്ധ കുർബാനയിൽ ദർശിച്ച കുര്യാളശ്ശേരി പിതാവ്, ആ സ്നേഹത്തിന് പ്രതിസ്നേഹം അർപ്പിക്കാൻ ആഗ്രഹിച്ചു. അതിനായി പരിശുദ്ധ കുർബാനയുടെ ആരാധനസന്യാസിനീ സമൂഹം സ്ഥാപിച്ചു. പരിശുദ്ധ കുർബാനയുടെ സന്നിധിയിൽ സമയം കിട്ടുമ്പോൾ എല്ലാം വിസീത്ത നടത്തുന്നതിനും ദീർഘസമയം ആരാധിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. വിവിധ അവസരങ്ങളിലായി പതിമൂന്നിലധികം ഇടയലേഖനങ്ങൾ വിശുദ്ധ കുർബാനയെ കുറിച്ച് എഴുതി, ദൈവത്തിന് നമ്മോടുള്ള വലിയ സ്നേഹത്തിന് പ്രതിനന്ദിയായി നാം അവിടുത്തെ സ്നേഹിക്കണമെന്ന്, ആരാധിക്കണനെന്ന് തന്റെ അജഗണത്തെ നിരന്തരം ആഹ്വാനം ചെയ്തു.

പരിശുദ്ധ കന്യകാമറിയത്തോട് പുത്രസഹജമായ സ്നേഹവും ആദരവും ആശ്രയവും കുര്യാളശ്ശേരി പിതാവിനുണ്ടായിരുന്നു. ‘മറിയത്തിലൂടെ ഈശോയിലേക്ക്’ എന്നതായിരുന്നു അദ്ദേഹത്തിൻറെ ആപ്തവാക്യം. തന്റെ സേവനം ചെയ്ത എല്ലാ പള്ളികളിലും അദ്ദേഹം ‘ജപമാലസഖ്യത’ സ്ഥാപിച്ചു. ഓറെശ്ലെം ദൈവാലയം ജപമമാലരാജ്ഞിക്ക് പ്രതിഷ്ഠിച്ചു. ജപമാല, കത്തോലിക്കാ ചൈതന്യത്തിന്റെ ‘ഉഷ്ണമാത്ര’ ആണെന്നും ജപമാലമണികൾക്കു യോദ്ധാവിന്റെ വെടിയുണ്ടയേക്കാൾ അധികം പൈശാശിക ശക്തിയുടെ മേൽ സംഹാര ശക്തിയുണ്ടെന്നും അദ്ദേഹം വിശ്വാസികളെ ബോധ്യപ്പെടുത്തി.

*(ശേഷം പേജ് 29 ൽ*


















VARKEY THOMAS




പ്രത്യാശയുടെ
തീർഥാടകന്
പ്രണാമം






























































തീർത്ഥാടനം


തീർത്ഥാടനം


തീർത്ഥാടനം

## 2023-24 അധ്യയനവർഷത്തിൽ, Plus Two, SSLC പരീക്ഷകളിൽ ഫുൾ A+ നേടിയ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾ



Annamol Martin
(Plus Two)



Irina Trease Jomy
(Plus Two)



Rayan Anil
(Plus Two)



Evaans Jossy
(Plus Two)



Andriya Jinson
(SSLC)



Emily Jacob
(SSLC)



Shane Elizabeth
(SSLC)



Juva Tessa Scaria
(SSLC)



Irine Maria Jose
(CBSE Plus Two)



Dany Tomy
(SSLC)



Eby Jose Sebastian
(SSLC)



Steve Mathew Joseph
(SSLC)



ഷിംല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ
അസ്സോസിയേറ്റ്ഷിപ്പിന് ദേശീയ തലത്തിൽ
തിരഞ്ഞെടുക്കപ്പെട്ട കത്തീഡ്രൽ ഇടവകാംഗം
**വെട്ടുകുഴിയിൽ നിതിൻ വർഗീസിന്**
ഇടവകയുടെ ആശംസകൾ

വിജയികൾക്ക്
സെന്റ് മേരീസ് മെത്രാപ്പോലീത്തൻ
ഇടവക കുടുംബത്തിന്റെ

# അഭിനന്ദനങ്ങൾ






സ്നേഹസ്മരണയ്ക്ക്

ഏഴാം ചരമവാർഷികം



എം.വി. കുര്യാക്കോസ്
മരണം: 25.05.2018

രണ്ടാം ചരമവാർഷികം



മേരിക്കുട്ടി കുര്യാക്കോസ്
മരണം: 19.06.2023

മാളിയേക്കൽ (കാഞ്ഞിക്കൽ), വട്ടപ്പള്ളി, ചങ്ങനാശേരി

JOSE ELECTRICALS & SANITARY
Near Telephone Exchange
Changanacherry


MARY RANI PUBLIC SCHOOL
2025 SSE & SSCE
100% Results
Our Specialties
» Dedicated & Experienced Staff
» Technology Enhanced Learning
» Guidance & Counselling Cell
» Advanced Computer & Science Labs
» Modernized Library
» CCTV Surveillance
» Transportation Facilities
» Hostel Facilities
» Recreational Facilities
Special Coaching for Basketball, Football, Cricket & Badminton
We are Open to
Play Class, LKG to Class IX and XI Science & XI Commerce
MARY RANI PUBLIC SCHOOL
LAIKADU, CHANGANACHERRY
Ph : 0481-2400699 (Off), 94969 49606
www.maryranipublicschool.edu.in

*(പേജ് 20 തുടർച്ച...)*

വിശ്വാസ പരിശീലന കളരിയായി കുടുംബം മാറണമെന്ന് കുര്യാളശ്ശേരി പിതാവ് ആഗ്രഹിച്ചു. സന്ധ്യാമണി അടിക്കുമ്പോൾ ഏത് ജോലി ചെയ്തുകൊണ്ടിരുന്നാലും കുടുംബാംഗങ്ങൾ ഒന്നുചേർന്ന് ത്രികാലജപവും ജപമാലയും അർപ്പിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. മാതാപിതാക്കന്മാരുടെ ഏറ്റവും പ്രധാനമായ കടമ കുട്ടികളുടെ ശിക്ഷണം ആണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തിയിരുന്നു.

സഭ പഠിപ്പിക്കുന്ന സത്യങ്ങളിലുള്ള വിശ്വാസവും സഭയോടും സഭാധികാരികളോടുമുള്ള സ്നേഹവും സഭാപഠനങ്ങളോടുള്ള വിശ്വസ്തതയും പിതാവിന്റെ ജീവിതത്തിലും പഠനത്തിലും വളരെ വ്യക്തമായി കാണുവാൻ കഴിയും. തന്റെ ഡയറിക്കുറിപ്പുകളിൽ അജ്ഞാനികളുടെ മനസുതിരിവിനുള്ള ആഗ്രഹം എത്രയോ തീക്ഷ്ണമാണെന്നു കാണാം. വൈദികപട്ടം സ്വീകരിച്ച ആദ്യവർഷം തന്നെ തന്റെ പരിശ്രമഫലമായി 25 പേരെയും ഏഴു വർഷങ്ങൾക്കുശേഷം 200 പേരെയും അവിശ്വാസത്തിൽ നിന്നും ശീശ്മയിൽ നിന്നുമായി കത്തോലിക്കാവിശ്വാസത്തിലേയ്ക്ക് കൊണ്ടുവരുനാൻ കഴിഞ്ഞു എന്നു വൈദികനായിരിക്കുമ്പോൾ പിതാവു പ്രൊപ്പഗാന്താ തിരുസംഘത്തിനെഴുതിയ കത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിഷനറി പ്രവർത്തനങ്ങളിലൂടോ അക്രൈസ്തവരുടെ മാനസാന്തരം ത്വരിതപ്പെടുത്താൻ ദിവ്യകാരുണ്യ പ്രേഷിതസംഘം (MCBS) സ്ഥാപിക്കണമെന്ന് തീക്ഷ്ണമായി ആഗ്രഹിച്ച് തനിക്കുള്ളവയെല്ലാം തന്നെ ആ സന്യാസസമൂഹത്തിൽ ചേരുവാനിരിക്കുന്ന അർത്ഥികൾക്കു കൊടുക്കണമെന്ന് മരണപത്രത്തിൽ കുറിച്ചിട്ടു.

വിശ്വാസത്തിന്റെ പ്രകടനമായ സുവിശേഷപ്രചാരണത്തിലുള്ള തീക്ഷണത കുര്യാളശ്ശേരി പിതാവിൽ കത്തിജ്വലിച്ചു നിന്നിരുന്നു. അല്മായരുടെ സേവനം മതബോധന രംഗത്ത് ലഭിക്കുന്നതിനായി 'മാർ തോമാ ദാസസംഘം' രൂപീകരിച്ചു. SABS & MCBS സന്യാസസമൂഹങ്ങളുടെ സ്ഥാപനത്തിന്റെ ഒരു പ്രാധാന ഉദ്ദേശം ദൈവജനത്തിൽ സുവിശേഷപ്രചാരണശുഷ്കാന്തി വർദ്ധിപ്പിക്കുവാൻ ആഗ്രഹിച്ച പിതാവിന്റെ ആഗ്രഹപൂർത്തീകരണമാണ് "വേദപ്രചാര മദ്ധ്യസ്ഥൻ" എന്ന ചങ്ങനാശേരി രൂപതാബുള്ളറ്റിൻ (1928 മദ്ധ്യസ്ഥൻ ലക്കം-1).

പിതാവ് കേരളത്തിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രയോക്താവായിരുന്നു. മല്ലപ്പള്ളിയിൽ പുനരൈക്യപ്പെട്ട യാക്കോബായക്കാർക്ക് അന്ത്യോഖ്യൻ റീത്തിൽ ആരാധനാക്രമം അനുഷ്ഠിക്കുന്നതിനുള്ള അനുവാദവും അതിനായി ഒരു തക്സയും റോമിൽ നിന്നും സംഘടിപ്പിച്ചു നൽകി. 1917-ൽ അന്ന് കത്തോലിക്കാസഭയെ പുൽകിയ ചിലരൊക്കെ സമുദായ സമ്മർദ്ദത്താൽ തിരിച്ചു പോയെങ്കിലും കത്തോലിക്കാസഭയുമായുള്ള ഐക്യത്തിൽ തുടരുവാനുള്ള കുറച്ചു കുടുബങ്ങളുടെ ധീരമായ ന്‌ലപാടുകൾക്കു പിന്നിലെ ചാലക ശക്തി കുര്യാളശ്ശേരി പിതാവിന്റെ സഭാസ്നേഹമാണ്.

ദൈവത്തിന്റെ വാഗ്ദാനം നിറവേറുമെന്ന ഉറച്ച ബോധ്യത്തോടെ എല്ലാം ദൈവത്തിൽനിന്നും പ്രതീക്ഷിക്കുകയും എല്ലാവരെയും ദൈവത്തിലേക്ക് നയിക്കുകയും ചെയ്ത മഹാത്മാവായിരുന്നു ധന്യൻ മാർ തോമസ് കുര്യാളശ്ശേരി. തിരിച്ചറിവിന്റെ പ്രായം മുതൽ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന തിരിച്ചറിവോടെ നമ്മുടെ സൗഭാഗ്യമായ നിത്യജീവനെ ആഗ്രഹിക്കുകയും ദൈവത്തിൽ നിന്ന് അത് ലഭിക്കുമെന്ന് ഉറപ്പോടെ കാത്തിരിക്കുകയും ചെയ്യുവാൻ



നമ്മെ പ്രാപ്തരാക്കുന്ന പ്രത്യാശ പിതാവിൽ വിളങ്ങി പ്രശോഭിച്ചിരുന്നു.

ദൈവം എല്ലാറ്റിലും ഉപരിയായും, അവിടുത്തെ സ്നേഹത്തെ പ്രതി നമ്മുടെ അയൽക്കാരനെ നമ്മെപ്പോലെയും സ്നേഹിക്കാൻ പ്രേരിപ്പിക്കുന്ന ദൈവീക പുണ്യമായ ഉപവി. ദൈവഹിതാനുസരണം തന്റെ ജീവിതത്തെ ക്രമീകരിക്കുവാനും ചെറുപ്പം മുതലെ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ശ്രദ്ധിച്ചിരുന്നുവെന്ന് തന്റെ ആത്മീയ ഡയറിയിൽ നിന്ന് മനസ്സിലാക്കാം. പ്രാർത്ഥനയിലൂടെ ദൈവതിരുമനസ്സ് കണ്ടെത്തുന്നതിനും ദൈവമഹത്വത്തിനായി പ്രയത്നിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. ദൈവത്തിന്റെ സ്നേഹത്തിന് പ്രതിസ്നേഹം അർപ്പിച്ച് നിരന്തരം അവിടുത്തെ സാന്നിധ്യത്തിൽ ആയിരിക്കുക എന്നത് പിതാവിന് ആനന്ദദായകം ആയിരുന്നു. ഈ സ്നേഹത്തിലേക്ക് അനേകരെ ആകർഷിക്കുവാൻവേണ്ടി 'വിശുദ്ധ കുർബാനയുടെ ആരാധനാസഖ്യത്', 'മാർതോമാ ദാസസംഘം' എന്നിവയും തിരുമണിക്കൂർ, 13 മണി ആരാധന, 40 മണി ആരാധന തുടങ്ങിയവ ഭക്തകൃത്യങ്ങളും വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹവും അദ്ദേഹം സ്ഥാപിച്ചു.

ദൈവസ്നേഹത്തിന്റെ ബഹിർസ്പുരണമായ നന്ദി നിറഞ്ഞ ഹൃദയം പിതാവിൽ നമുക്ക് ദർശിക്കാൻ സാധിക്കും. ദൈവത്തിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങൾ പ്രത്യേകം സ്മരിച്ച് തന്റെ ഡയറിയിൽ കുറിച്ചുവെച്ചു. ദൈവം തന്നിൽ ചൊരിയുന്ന അളവില്ലാത്ത കൃപകൾക്ക് കൃതജ്ഞതയായി അദ്ദേഹം 'റോമായാത്ര' രചിച്ചു. വിശ്വാസ തിരുസംഘത്തിന് എഴുതിയ കത്തുകൾ സഭയോടുള്ള നന്ദിയും സ്നേഹവും വ്യക്തമാക്കുന്നുണ്ട്. അധികാരികളോട് മാത്രമല്ല, സഹപ്രവർത്തകരോടും അധീനരോടും നന്ദിയുണ്ടായിരുന്നു.

ദൈവസ്നേഹവും പരസ്നേഹവും ചെറുപ്പം മുതലേ അദ്ദേഹത്തിൽ വിളങ്ങി പ്രശോഭിച്ചിരുന്നു. ബോർഡിങ്ങിൽ ആയിരുന്നപ്പോൾ താൻ ഉപയോഗിച്ചിരുന്ന പുസ്തകം സഹപാഠിക്ക് നൽകിയതും മാന്നാനം കൊവേന്തയുടെ വരാന്തയിൽ മൊന്തയുമായി നിന്ന ബഹു. കുര്യാക്കോസച്ചന് ചോദിക്കാതെ വെള്ളം കൊണ്ടുപോയി കൊടുത്തതും എല്ലാം പരസ്നേഹപ്രവർത്തികൾ ആയിരുന്നു. സ്കൂളിലും പ്രൊപ്പഗാന്താ സെമിനാരിയിലും നല്ല മാതൃകാ പ്രീഫെക്ടായിരുന്നു. സഹായം തേടിയെത്തിയ ആരെയും വെറും കൈയോടെ പറഞ്ഞു വിട്ടിട്ടില്ല. കടംവാങ്ങി പോലും അപരന്റെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു എന്നതിന് നിരവധി സംഭവങ്ങൾ ജീവിതത്താളുകളിൽ മികവാർന്നു നിൽക്കുന്നു. "ദൈവത്തെ സ്നേഹിക്കുന്നതിനും നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്നതിനുമുള്ള വഴി സഹോദരസ്നേഹമാകുന്നു." ഇടയലേഖനം 113-ൽ ഇതേകുറിച്ച്

വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

പരസ്നേഹമെന്ന ദൈവിക പുണ്യമാണ് രോഗികൾ, അഗതികൾ, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങിയവരുടെ അടുത്തേക്ക് കടന്നുചെന്ന് അവർക്ക് സേവനം ചെയ്യാൻ പിതാവിനെ പ്രേരിപ്പിച്ചത്. എടത്വായിൽ കോളറാ പടർന്നു പിടിച്ചപ്പോഴും 1924 ജൂലൈയിലെ ഭീകരമായ വെള്ളപ്പൊക്കത്തിന്റെ അവസരത്തിലും സുത്യർഹമായ സേവനം സമൂഹത്തിന് കാഴ്ചവച്ചു. മദ്യവർജ്ജനത്തിനു വേണ്ടി തന്നാലാവും വിധം പൊരുതി. ദാനധർമ്മത്തെ അദ്ദേഹം പ്രാണന് തുല്യം സ്നേഹിച്ചു. ശത്രുക്കളെ പോലും അദ്ദേഹം മിത്രങ്ങളായി മാറ്റി.

ദൈവിക പുണ്യങ്ങളുടെ ഫലങ്ങളായ വിവേകം, നീതി, ആത്മശക്തി, മിതത്വം എന്നീ ധാർമിക പുണ്യങ്ങൾ അതിന്റെ ആഴത്തിൽ ജീവിക്കാൻ കുര്യാളശേരി പിതാവ് പരിശ്രമിച്ചിരുന്നു. അതുപോലെ തന്നെ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം, എന്നീ സുവിശേഷ പുണ്യങ്ങളിലുള്ള ധീരവും ക്രമാഗതവുമായ വളർച്ചയും പുണ്യപൂർണ്ണതയുടെ പന്ഥാവിലൂടെ പിതാവിനെ നയിച്ചു. 2011 ഏപ്രിൽ 2-ന് പരിശുദ്ധ പിതാവ് ബനഡിക്ടു പതിനാറാമൻ മാർപാപ്പാ, കുര്യാളശേരി പിതാവിന്റെ വീരോചിത സുകൃതങ്ങൾ അംഗീകരിച്ച് സകല കത്തോലിക്കർക്കും മാതൃകയായി പിതാവിനെ 'ധന്യൻ' എന്നു വിളിച്ചു. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിലൂടെ ക്രിസ്തീയ സുകൃതങ്ങൾ വീരോചിതമായി അഭ്യസിച്ച് ദൈവജനത്തിന് മാതൃകയായിത്തീർന്ന ധന്യാത്മാവാണ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവ്. തിരുസഭയുടെ നെറുകയിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിക്കൊണ്ട് 2011 ഏപ്രിൽ 2-ാം തീയതി മാർ തോമസ് കുര്യാളശ്ശേരി പിതാവിനെ ബെനഡിക്ട് 16-മൻ പാപ്പാ ധന്യ പദവിയിലേക്ക് ഉയർത്തി. ധന്യതയുടെ കയ്യൊപ്പു ചാർത്തപ്പെട്ട പിതാവിന്റെ സുകൃത ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ബലിജീവിതം നയിക്കാൻ ഏവർക്കും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.






തന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചിരുന്ന ദിവ്യകാരുണ്യസ്നേഹാഗ്നി ആളിക്കത്തിക്കാനായി നാട്ടിലേയ്ക്ക് പോരുന്നതിനുമുമ്പ് സെന്റ് പീറ്റേഴ്സ് ബസലിക്കായിലെ വിശുദ്ധ പത്രോസിന്റെ തൂണിൽ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ആഗ്രഹങ്ങൾ എഴുതിയിടാനും മറന്നില്ല. കേരളക്കരയിൽ വി. കുർബാനയ്ക്ക് സമർപ്പിതരായ ഒരു സന്യാസിനീ സമൂഹം സ്ഥാപിക്കുക, തിരുവിതാംകൂറിൽ ഒരു കോളേജ് സ്ഥാപിക്കുക, റോമിൽ കിടന്നു മരിക്കുക.

# പടിയറ പിതാവ്

ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ

അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവ് കേരളത്തിലെ മണിമല ഗ്രാമത്തിൽ ജനിച്ചുവളർന്ന് കോയമ്പത്തൂർ രൂപതയിൽ വൈദിക പരിശീലനത്തിനായി ചേർന്ന കോയമ്പത്തൂർ രൂപതാ വിഭജിച്ചപ്പോൾ മൈസൂർ രൂപതയുടെ ഭാഗമായി മൈസൂർ രൂപത വിഭജിച്ച് ഊട്ടി രൂപത രൂപം കൊണ്ടപ്പോൾ 34-ാമത്തെ വയസ്സിൽ ഊട്ടി രൂപതയുടെ മെത്രാനായി. ഊട്ടി രൂപതയിലെ 15 വർഷത്തെ ശുശ്രൂഷയ്ക്കുശേഷം മാതൃരൂപതയായ ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ്പായി നിയമിക്കപ്പെട്ടു. ചങ്ങനാശേരി അതിരൂപതയിലെ 15 വർഷത്തെ സേവനത്തിനുശേഷം എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തായും കർദ്ദിനാളായും പിന്നീട് സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പായും നിയോഗിക്കപ്പെട്ടു. ചങ്ങനാശേരി അതിരൂപതയുടെ ആറാമത്തെ മേലദ്ധ്യക്ഷനാണ് അഭിവന്ദ്യ ആർച്ചുബിഷപ് മാർ ആന്റണി പടിയറ പിതാവ്. ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ പിൻഗാമി



അഭിവന്ദ്യ പടിയറ പിതാവിന്റെ അജപാലന ശുശ്രൂഷയുടെ കാലഘട്ടം ചങ്ങനാശേരി അതിരൂപതയിലെ സുപ്രധാനഘട്ടമായിരുന്നു. സന്തോഷത്തോടെ ശുശ്രൂഷിക്കുക എന്നതായിരുന്ന പിതാവിന്റെ മുദ്രാവാക്യം. പ്രേഷിത തീഷ് ണതയുള്ള ഇടയശ്രേഷ്ഠൻ അജപാലന രംഗത്ത് പുതുമയാർന്ന സമീപനരീതിയാണ് പിതാവ് സ്വീകരിച്ചത്. തന്റെ അജഗണത്തെ അടുത്തറിയുന്നതിനും പരിചയപ്പെടുന്നതിനുമായി അതിരൂപതയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും കഴിയുന്നത്ര വേഗത്തിൽ പിതാവ് സന്ദർശിച്ചു.

മതബോധന അജപാലന പ്രവർത്തനങ്ങളുടെ ആസൂത്രണ കേന്ദ്രമായി അരമന കോമ്പൗണ്ടിൽ ഉയർന്നുനിൽക്കുന്ന സന്ദേശനിലയത്തിന്റെ പുതിയ മന്ദിരം ആശീർവദിച്ചത് പിതാവായിരുന്നു. മൈനർ സെമിനാരി പാറേൽനിന്നും കുറിച്ചിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചതും ഭാരതത്തിന്റെ വടക്കേ അറ്റത്ത് ഉത്തർപ്രദേശിലെ ആഗ്രാ മിഷൻ ഏറ്റെടുത്തതും അപ്പസ്തോലിക് വിസിറ്റർ എന്ന

നിലയിൽ ഭാരതത്തിൽ ആകമാനം പല സ്ഥലങ്ങളിൽ ജോലിക്കും പഠനത്തിനുമായി പോയ സീറോ മലബാർ വിശ്വാസികൾക്ക് അവരുടേതായ ആരാധനക്രമം പാലിച്ച് വിശ്വാസജീവിതം വളർത്തിക്കൊണ്ടുവരുവാൻ വഴി തെളിച്ചതും പിതാവിന്റെ അജപാലന പ്രവർത്തനത്തിന്റെ വേറിട്ട ശൈലികൊണ്ടു മാത്രമാണ് സാധിച്ചത്.

തെക്കൻ മിഷൻ - കന്യാകുമാരി മിഷൻ വളർത്തുന്ന കാര്യത്തിലും അവരുടെ സ്വന്തം ഭാഷയിൽ നർമ്മമധുരമായി സംസാരിക്കുവാൻ പിതാവിനുണ്ടായിരുന്ന കഴിവ് പിതാവിനെ അവർക്ക് ഏറെ പ്രിയങ്കരനാക്കി.

വിശാലമായ ചങ്ങനാശേരി അതിരൂപതയുടെ ആത്മീയ ശുശ്രൂഷ കൂടുതൽ ജനഹൃദയങ്ങളിലെത്തിക്കാൻ അതിരൂപത വിഭജിച്ച് കാഞ്ഞിരപ്പള്ളി രൂപതയാക്കി.

യുവജന പ്രസ്ഥാനമായ യുവദീപ്തിയുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകി. 1072 ഡിസംബർ 3-ാം തീയതി എസ്.ബി. കോളേജ് കല്ലറയ്ക്കൽ ഹാളിൽ നടന്ന സമ്മേളനത്തിൽ ഭദ്രദീപം കൊളുത്തി ചങ്ങനാശേരി അതിരൂപതയിലെ ഏക അംഗീകൃത യുവജനപ്രസ്ഥാനമായ യുവദീപ്തി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ആധുനിക കാലഘട്ടത്തിൽ കുടുംബങ്ങളുടെ കെട്ടുറപ്പും ഭദ്രതയും മുന്നിൽ കണ്ടുകൊണ്ട് കുടുംബപ്രേഷിതത്വം ഭംഗിയായി നടക്കുവാൻ മാതാക്കൾക്കും പിതാക്കൾക്കുമായി മാതൃ-പിതൃ വേദി സംഘടനകൾക്ക് പിതാവ് രൂപം നൽകി.

ദളിത് കത്തോലിക്കരുടെ സമുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങൾക്ക് സുസംഘടിതമായ മുന്നേറ്റം നൽകാൻ പിതാവ് വിവിധ ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതിരൂപതാതല കൺവൻഷനും നേതൃത്വപരിശീലന ക്യാമ്പും കലാമത്സരങ്ങളും പിതാവിന്റെ കാലത്ത് ആരംഭിച്ചതാണ്.

സാമൂഹിക സേവനരംഗത്തു വലിയ പുരോഗതി കൈവരിച്ചു. പുതിയ കർമ്മസരണികൾ വെട്ടിത്തെളിച്ച് മുന്നേറുവാൻ ചങ്ങനാശേരി അതിരൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കു സാധിച്ചു.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിൽ നിന്നും അതിരൂപത ഏറ്റെടുത്ത് പിതാവിന്റെ കാലത്തായിരുന്നു. അതുപോലെ അമ്പൂരി ഗുഡ് സമരിറ്റൻ ആശുപത്രിയുടെ വികസനത്തിന് പിതാവ് ഏറെ ശ്രദ്ധിച്ചിരുന്നു.

ക്രൈസ്തവ തൊഴിലാളി പ്രസ്ഥാനം 1979-ലെ തൊഴിലാളി ദിനമായ മെയ് 1-ന് ചങ്ങനാശേരി അതിരൂപതാഘടകം ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രസ്ഥാനത്തിന്റെ ആദ്യ ഡയറക്ടറായി നമ്മുടെ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് വൈദികനായി ശുശ്രൂഷ ചെയ്ത അവസരത്തിൽ പിതാവിനെ നിയമിച്ചത്.

ഭാരതമിഷന്റെ വയലേലകളിൽ സമർത്ഥമായി സേവനം ചെയ്യുവാൻ മിഷനറിമാരെ ഒരുക്കുവാൻ പിതാവ് സ്ഥാപിച്ചതാണ് എംഒസി (മിഷനറി ഓറിയന്റേഷൻ സെന്റർ). ഈ സ്ഥാപനം ഭാരതത്തിലെ ആദ്യത്തെ ഏക വിസിയോളജി സ്ഥാപനമാണ്, ഇൻസ്റ്റിറ്റ്യൂട്ടാണ്.

ശാരീരികവും മാനസികവുമായി വൈകല്യമുള്ള കുട്ടികൾക്കായി ചെത്തിപ്പുഴയിൽ മേഴ്സി ഹോമും ഇത്തിത്താനത്ത് ആശാഭവനം സ്ഥാപിച്ചു.

വയോധികരായ വൈദികരുടെ സംരക്ഷണം മുഴുവൻ രൂപത ഏറ്റെടുത്തതും മുടിയൂർക്കര വൈദിക മന്ദിരം പണിതതുമെല്ലാം പിതാവിന്റെ നന്മനിറഞ്ഞ ഹൃദയത്തിന്റെ ഭാഗമാണ്.

അതിമെത്രാസന മന്ദിരത്തിന്റെ വിപുലീകരണം, മെത്രാസന മന്ദിരത്തിന്റെ കിഴക്കെ ബ്ലോക്ക് പിതാവിന്റെ കാലത്ത് നിർമ്മിക്കപ്പെട്ടതാണ്. ഈ അടുത്ത കാലത്ത് പൊളിച്ചുമാറ്റപ്പെട്ട പാറേൽ പള്ളി നിർമ്മിച്ചതും പിതാവിന്റെ കാലഘട്ടത്തിലാണ്.

കാലഘട്ടത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെ കെട്ടിടം പുതുക്കിപ്പണിത് നൂതനപ്രിന്റിംഗ് സൗകര്യങ്ങൾ അന്നത്തെ കാലത്തിനനുസൃതമായി ഏർപ്പെടുത്തി.

എസ്.ബി. കോളേജിൽ പ്രധാന ബ്ലോക്ക്, സഹൃദയ ഹോസ്റ്റൽ, കാവുകാട്ടുഹാൾ പിതാവിന്റെ കാലത്ത് പൂർത്തിയാക്കിയതാണ്.

അരമനപ്രസ്സിനോടുചേർന്നു പ്രവർത്തിച്ചിരുന്ന സെന്റ് ജോസഫ് ഓർഫനേജ് കല്ലൂപ്പാറയിലെ പുതുശ്ശേരിയിൽ സജ്ജീകൃതമായ ബോയ്സ് ഹോമിലേയ്ക്ക് മാറ്റി സ്ഥാപിച്ചത് സ്വാഗതാർഹമായ നടപടിയായിരുന്നു.

പിതാവിന്റെ പ്രത്യേക പരിചരണത്തിൽ പാസ്റ്ററൽ കൗൺസിലും പ്രസ്ബിറ്ററൽ കൗൺസിലും കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങി. വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പിതാവ് നൽകി പ്രോത്സാഹിപ്പിച്ചിരുന്നു. വിവിധ കമ്മിറ്റികളും അവയ്ക്കായി തയ്യാറാക്കപ്പെട്ട മാർഗ്ഗരേഖകളും പിന്നീട് പ്രവർത്തനത്തിന് മികവ് പകർന്നിട്ടുള്ളതിൽ സംശയമില്ല.

കുര്യാളശ്ശേരി പിതാവിന്റെ നാമകരണ നടപടികൾക്ക് തുടക്കംകുറിച്ചതും അഭിവന്ദ്യ പടിയറപിതാവാണ്.

1986-ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനത്തിന് നേതൃത്വം നൽകിയതും പിതാവായിരുന്നു.

അതിരൂപതാതല സംഘടനകളുടെ കേന്ദ്ര ഓഫീസുകൾ, പൊതു വിദ്യാഭ്യാസ ഓഫീസ്, സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓഫീസ് നവീകരണ പരിപാടികൾ, കോഴ്സുകൾ, ക്യാമ്പുകൾ, പൊതുസമ്മേളനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ ഓഡിറ്റോറിയങ്ങൾ, കിടപ്പുമുറികൾ, വിശാലമായ ചാപ്പൽ എന്നിവയുൾപ്പെടുന്ന പാസ്റ്ററൽ സെന്ററിന്റെ നിർമ്മാണത്തിനു തുടക്കമിട്ടതും പടിയറ പിതാവിന്റെ കാലത്താണ്.

തിരുസഭാ ശുശ്രൂഷകളിൽ സന്യസ്തർക്കുള്ള വിലമതിക്കപ്പെടാനാവാത്ത സാക്ഷ്യത്തെക്കുറിച്ച് ശരിയായ ബോധ്യമുള്ള പടിയറപിതാവ് ചങ്ങനാശേരി അതിരൂപതയുടെ സാരഥ്യം വഹിച്ച കാലഘട്ടത്തിൽ വ്യത്യസ്ത സേവനരംഗങ്ങൾ കർമ്മക്ഷേത്രങ്ങളാക്കിയ സന്ന്യാസസമൂഹങ്ങൾ ചങ്ങനാശേരി അതിരൂപതയിൽ സ്ഥാപിതമായി. അവർക്കുവേണ്ട പ്രോത്സാഹനവും പിതാവ് നൽകി.

1974 ൽ അഭിവന്ദ്യ പടിയറപ്പിതാവ് സ്വന്തം ഉത്തരവാദിത്വത്തിൽ രൂപം കൊടുത്തു വളർത്തിയ സന്യാസിനി സമൂഹമാണ് അമലോത്ഭവ മാതാവിന്റെ പ്രേഷിത സഹോദരികൾ (ASMI)

കാരുണ്യം, മര്യാദ, വിനയം, അനുസരണം, ആഴമേറിയ വിശ്വാസജീവിതം. പ്രാർത്ഥനാജീവിതം, പിതാവിൽ നിറഞ്ഞു നിന്നിരുന്നു. ധ്യാനപ്രസംഗങ്ങളിലൂ-

ടെ ഒരു ആത്മീയ നവീകരണം കൊണ്ടുവരുവാൻ പിതാവ് തന്റെ അജപാലന പ്രവർത്തനങ്ങളിൽ പരിശ്രമിച്ചു.

പിതാവിന്റെ വസ്ത്രധാരണത്തിലും നടപ്പിലും, ചലനങ്ങളിലും സൗമ്യതയുടെയും കുലീനത്വത്തിന്റെയും ശൈലി നിറഞ്ഞുനിന്നിരുന്നു.

ബഹുഭാഷാ പണ്ഡിതൻ, പ്രഗത്ഭനായ പ്രഘോഷകൻ, സമർത്ഥനായ ധ്യാനഗുരു, ക്ഷമാശീലനും ആത്മസംയമനവും പാലിച്ചിരുന്ന പിതാവ്. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പിതാവ് ചിട്ടയും നീതിനിഷ്ഠയും പുലർത്തിപ്പോന്നു. സമയനിഷ്ഠ പാലിച്ചിരുന്നു. വൈകിയെത്തിയെങ്കിൽ എല്ലാവരോടും ക്ഷമ ചോദിക്കാൻ പിതാവ് മടിക്കാറില്ലായിരുന്നു. എല്ലാവർക്കും അവരർഹിക്കുന്ന ആദരവ് നൽകിയിരുന്നു.

സഭയ്ക്കും സമൂഹത്തിനുംവേണ്ടി ജീവിതം സമർപ്പിച്ച മനുഷ്യസ്നേഹി. ആത്മീയതയും സാമൂഹ്യനന്മയും സമന്വയിപ്പിച്ച മഹാമിഷനറി, പിതാവിന്റെ ആഴമേറിയ ചിന്ത, സൗഹൃദവലയം, നർമ്മരസം തുളുമ്പുന്ന പ്രസംഗങ്ങൾ, പ്രസംഗങ്ങളിലൂടെ പങ്കിട്ട കഥകൾ, ഉപമകൾ ഇവയെല്ലാം നമുക്ക് സുപരിചിതങ്ങളാണല്ലോ. നിരവധി ഭാഷകളിൽ പിതാവിനു പ്രാവിണ്യമുണ്ടായിരുന്നു. പിതാവിന്റെ വാക്ചാതുര്യം, ആകർഷകമായ ശബ്ദം, ശ്രോതാക്കളെ ആകർഷിച്ചിരുന്നു.

സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ സഭയെ ശക്തിപ്പെടുത്തുന്നതിനും ഐക്യത്തിൽ നിലനിർത്തുന്നതിനും പിതാവ് വലിയ പരിശ്രമങ്ങൾ നടത്തിയിരുന്നു. പിതാവിന്റെ പ്രവർത്തനശൈലി സമാധാനപ്രിയൻ എന്ന നിലയിലായിരുന്നു.

സഭയ്ക്കും സമൂഹത്തിനും വേണ്ടി നല്ല ഓട്ടം ഓടി ഭൂമിയിൽ തീർത്ഥാടനം പൂർത്തിയാക്കിയ പുണ്യപുരുഷനാണ് പടിയറപിതാവ്. 1900-ൽ പത്മശ്രീ നൽകി രാജ്യം പിതാവിനെ ആദരിച്ചു.

നക്ഷത്രശോഭ പരത്തുന്ന ഒരു സഭാചാര്യന്റെ ധന്യമായ ജീവിതം വിസ്മരിക്കപ്പെടരുത് തലമുറകൾക്ക് ആത്മീയപ്രകാശം പരത്തുന്ന ജീവിതമായിരുന്നു പിതാവിന്റേത്.

ചങ്ങനാശേരി അതിരൂപതയെ നീണ്ട 15 വർഷങ്ങൾ നയിച്ച പിതാവിനെ നന്ദിയോടെ ഓർക്കാം, പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം. ചങ്ങനാശേരി അതിരൂപതയുടെ ആദരവും കടപ്പാടും ഇവിടെ വ്യക്തമാക്കാം.

139-ാം അതിരൂപതാദിനം ചങ്ങനാശേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി മാർ ആന്റണി പടിയറ നഗറിൽ നടത്തുന്നതിൽ നമുക്കെല്ലാവർക്കും സന്തോഷം ഉണ്ട്.

അഭിവന്ദ്യ പിതാവിന്റെ 25-ാം ചരമവാർഷികം 2025 മാർച്ച് 21-6 തീയതി പ്രാർത്ഥനാപൂർവ്വം നമ്മൾ ആചരിച്ചു പിതാവിന്റെ 25-ാം ചരമവാർഷികം ആചരിക്കുന്ന ഈ വർഷത്തിൽ 19-ാം അതിരൂപതാ ദിനാചരണത്തിന്റെ സമ്മേളനനഗറിന് അഭിവന്ദ്യ പടിയറ പിതാവിന്റെ പേരുനൽകി. പങ്ങനാശേരി അതിരൂപത മുഴുവൻ അഭിവന്ദ്യ പടിയറപിതാവിന് ആദരവും സ്നേഹവും ബഹുമാനവും നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

# സാക്ഷ്യം



ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ മധ്യസ്ഥതയിൽ ലഭിച്ച ഒരു അനുഗ്രഹം സാക്ഷ്യപ്പെടുത്താനാണ് ഈ വരികൾ കുറിക്കുന്നത്. എന്റെ പേര് അനീഷ ചാക്കോച്ചൻ കാട്ടുവള്ളിയിൽ, വെള്ളള്ള്, ഇടുക്കി. കോതമംഗലം രൂപതയിൽ രാജഗിരി ഇടവകയിലെ അംഗമാണ് ഞാൻ. 2023 ജനുവരി 26 ആം തീയതി സ്റ്റഡി വിസയിൽ ഞാനും ഡിപെൻഡറായി എൻറെ ഭർത്താവ് ചാക്കോച്ചനും കൂടി യുകെക്ക് പോയി. ഞങ്ങൾ പഠനവും, ജോലിയുമായി മുൻപോട്ടു പോയി. 2024 ജനുവരി 31ന് എന്റെ പഠനം കഴിഞ്ഞു. തുടർന്ന് മൂന്നുമാസം കൂടി ഞങ്ങൾക്ക് അവിടെ താമസിക്കാം. അതിനിടയിൽ വർക്ക് വിസയ്ക്ക് അപേക്ഷിക്കാം. അങ്ങനെ സ്റ്റഡി വിസയിൽ നിന്ന് വർക്ക് വിസയിലേക്ക് മാറി അവിടെ ജോലി തുടരുകയും ചെയ്യാമായിരുന്നു. എന്നാൽ രാജ്യത്തിന്റെ നിയമങ്ങൾക്ക് മാറ്റം വന്നു. 2024 മാർച്ച് 11ന് പുതിയ നിയമം പ്രാബല്യത്തിൽ വരും. സ്റ്റഡി വിസയിൽ അവിടെ എത്തുന്നവർ പഠനം കഴിഞ്ഞ് തിരിച്ചു പോകണം. വർക്ക് വിസ നൽകുകയില്ല. നൽകിയാൽ തന്നെ ഫാമിലിയെ കൊണ്ടുപോകാൻ പാടില്ല. ഇങ്ങനെ ഒരു നിയമം വന്നപ്പോൾ ഞാൻ വല്ലാതെ ഭയപ്പെട്ടു . ജനുവരി 31ന് പരീക്ഷ കഴിഞ്ഞു. തുടർന്ന അഞ്ചുദിവസത്തിനു ശേഷമേ വർക്ക് വിസയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. കേവലം മൂന്നാഴ്ച മാത്രമേ മുൻപിലുള്ളു. ഇതിനിടയിൽ ഒരു വർക്ക് വിസ ശരിയായി കിട്ടുവാൻ സാധ്യത വളരെ കുറവാണ്. ഈ സമയത്തിനുള്ളിൽ വർക്ക് വിസ കിട്ടിയാൽ മാത്രമേ അവിടെ താമസിക്കാനും, ജോലി ചെയ്യാനും സാധ്യമാവുകയുള്ളൂ.

അങ്ങനെയിരിക്കെ എന്റെ ആന്റി സിസ്റ്റർ മേർളി കാട്ടുവള്ളിയിൽ എസ്

എബിഎസ് ചങ്ങനാശ്ശേരിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ഖബറടത്തിങ്കൽ പ്രാർത്ഥിക്കുവാൻ പോവുകയാണ്. ആർക്കെങ്കിലും പ്രാർത്ഥനാസഹായം വേണമെങ്കിൽ നിയോഗം അറിയിക്കുക എന്ന സന്ദേശം ഞങ്ങളുടെ ഫാമിലി വാട്സ് ആപ്പ് ഗ്രൂപ്പിൽ ഇട്ടിരുന്നു. അപ്പോൾ ഞാൻ ആന്റിയോട് എന്റെ വർക്ക് വിസ ലഭിക്കാനുള്ള നിയോഗം പറഞ്ഞു. ആന്റി എനിക്ക് ധന്യൻ തോമസ് കുര്യാളശ്ശേരി പിതാവിന്റെ മാധ്യസ്ഥപ്രാർത്ഥനയും ഫോട്ടോയും അയച്ചുതന്നു. കൂടാതെ 52 ത്രീത്വസ്തുതിയും ചൊല്ലി വിശ്വാസത്തോടെ പ്രാർത്ഥിക്കുക ആന്റിയും പ്രാർത്ഥിക്കാം എന്നുപറഞ്ഞു. പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കണമെന്ന് ആന്റി പറഞ്ഞു. അതായത് ഫെബ്രുവരി പതിനഞ്ചാം തീയതിക്ക് മുൻപ് വർക്ക് വിസ ലഭിക്കണം. അങ്ങനെ ലഭിച്ചാൽ അത് പിതാവിനെ മാധ്യസ്ഥതയിൽ ഞങ്ങൾക്ക് ലഭിച്ച അനുഗ്രഹമായി വിശ്വസിക്കുകയും സാക്ഷ്യപ്പെടുത്തുകയും ദീപിക പത്രത്തിൽ പിതാവിന്റെ ഫോട്ടോ അനുഗ്രഹസ്മരണയ്ക്ക് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. അപ്രകാരം ഞങ്ങൾ നിയോഗം വെച്ച് പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ എന്റെ വർക്ക് വിസ അനുവദിച്ചു കിട്ടി. ഞാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്റെ ഫാമിലിയോടൊപ്പം ഇവിടെ ജോലി ചെയ്യാൻ അനുഗ്രഹം ലഭിച്ചു.

ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച്, ദൈവപിതാവിന്റെ മുമ്പിൽ മാധ്യസ്ഥം വഹിച്ച്, അനുഗ്രഹം വാങ്ങിത്തന്ന ദിവ്യകാരുണ്യത്തിന്റെ ഉപാസകനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിനോടൊപ്പം, ത്രിത്വൈകദൈവത്തിനും ഞങ്ങൾ നന്ദിപറയുന്നു, മഹത്വപ്പെടുത്തുന്നു. ഈശോയ്ക്കും, കുര്യാളശ്ശേരി പിതാവിനും ഒരായിരം നന്ദി,

ദിവ്യകാരുണ്യ ഈശോയെ നന്ദി, സ്തുതി, ആരാധന



നന്ദി നിറഞ്ഞ ഹൃദയത്തോടെ,

**Aneesha Chakochan**
Chakochan Baby
Aiden Joseph Chacko

1-6-2024
Vellullu

EDAVAKA VARTHAKAL



# ഇടവക വാർത്തകൾ

## വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

ഏപ്രിൽ 13 ഓശാന ഞായർ - പാരീഷ് ഹാളിൽ കുരുത്തോല വെഞ്ചരിപ്പും തുടർന്ന് പാരീഷ് ഹാളിൽ നിന്നും പള്ളിയിലേക്ക് പ്രദക്ഷിണവും നടന്നു. അതിനുശേഷം അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന. അന്നേദിവസം 11 മണിക്ക് ഭവനങ്ങളിൽ രോഗികളായി കഴിയുന്നവർക്കുള്ള വി. കുർബാനയും പരിശുദ്ധ കുർബാനയും കുരുത്തോല വിതരണവും സ്നേഹവിരുന്നും കൂട്ടായ്മ ലീഡേഴ്സിന്റെയും മാതൃ-പിതൃ സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. രോഗികളായവരെയും പ്രായമുള്ളവരെയും പള്ളിയിൽ കൊണ്ടുവരുവാനും തിരിച്ച് ഭവനങ്ങളിൽ എത്തിക്കുവാനും കൂട്ടായ്മാംഗങ്ങളും സംഘടനാംഗങ്ങളും നടത്തിയ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. നാൽപ്പതുമണി ആരാധനയുടെ ദിനങ്ങളായ ഏപ്രിൽ 14,15,16 തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വിശുദ്ധ കുമ്പസാരവും നടക്കുകയുണ്ടായി.

ഏപ്രിൽ 16-ാം തീയതി ബുധനാഴ്ച നാൽപ്പതുമണി ആരാധനയുടെ സമാപനം പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തോടുകൂടി സമാപിച്ചു. നാൽപ്പതുമണി ആരാധനയുടെ സമയക്രമം സന്യാസിനി സമൂഹങ്ങൾ, കൂട്ടായ്മ വാർഡുകൾ, സംഘടനകൾ എന്നിവക്കായി ഓരോ മണിക്കൂർ ക്രമീകരിച്ച് നൽകി. കിടപ്പുരോഗികൾക്ക് വി. കുർബാന ഭവനങ്ങളിൽ ബഹു. വൈദികർ നൽകുകയുണ്ടായി.



ഏപ്രിൽ 17 പെസഹാവ്യാഴം വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയും കാൽകഴുകൽ ശുശ്രൂഷയും നടന്നു. തുടർന്ന് പൊതു ആരാധന.

ഏപ്രിൽ 18-ാം തീയതി പീഢാനുഭവവെള്ളി രാവിലെ 6 മുതൽ 12 വരെ ആരാധനയും 2.30 പി.എം. മുതൽ പീഡാനുഭവ തിരുക്കർമ്മങ്ങളും ആരംഭിച്ചു. നഗരികാണിക്കൽ, സ്ലീവാപ്പാത, സ്ലീവാവന്ദനം, തിരുസ്വരൂപ ചുംബനം, ലെലിയ, കബറടക്ക ശുശ്രൂഷ തുടങ്ങിയ തിരുക്കർമ്മങ്ങൾ പെരിയ ബഹു. ജോസഫ് വാണിയപ്പുരക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. മിശിഹായുടെ പീഢാനുഭവത്തിന്റെയും കുരിശുമ-

രണത്തിന്റെയും ഓർമ്മ പുതുക്കി ദുഃഖവെള്ളിയാഴ്ച ഇടവകയിലെ കുരിശടികളിൽ ഭക്തിനിർഭരമായ കുരിശിന്റെ വഴി നടന്നു. ഫിഷ് മാർക്കറ്റ് വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ ചന്തക്കടവ് തിരുക്കുടുംബ ദൈവാലയത്തിൽനിന്നും കാക്കാംതോട് കുരിശടിയുമായി ബന്ധപ്പെട്ട വിവിധ കൂട്ടായ്മകൾ വട്ടപ്പള്ളിയിൽനിന്ന് കാക്കാംതോട് കുരിശടിയിലേക്കും, പാസ്റ്റർ സെന്റർ വാർഡിന്റെയും അസംപ്ഷൻ വാർഡിന്റെയും നേതൃത്വത്തിൽ ബൈപ്പാസ് ജംഗ്ഷനിൽനിന്നും കത്തീഡ്രൽ പള്ളിയിലേക്കും, അങ്ങാടി - പോത്തോട് പ്രാർത്ഥനാ കൂട്ടായ്മകളുടെ നേതൃത്വത്തിൽ പണ്ടകശാലക്കടവ് കുരിശടിയിൽ നിന്നും അങ്ങാടി വിശുദ്ധ മിഖായേൽ മാലാഖയുടെ കുരിശടിയിലേക്കും നടന്ന വി. കുരിശിന്റെ വഴി ഭക്തിസാന്ദ്രമായിരുന്നു.

ഏപ്രിൽ 19 വലിയശനി ദിനത്തിൽ പരിശുദ്ധ കുർബാനയും പുത്തൻ തീ, പുത്തൻവെള്ളം വെഞ്ചരിപ്പും നടന്നു.

ഏപ്രിൽ 20 ഉയിർപ്പുതിരുനാളിന് വെളുപ്പിന് 2.45 ന് ഉയിർപ്പ് തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തിരി തെളിച്ച് എല്ലാവരും പ്രദക്ഷിണത്തിലും തിരുക്കർമ്മങ്ങളിലും പങ്കുചേർന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഈസ്റ്റർ മുട്ട വിതരണം ചെയ്തു.

## സംയുക്ത കുരിശിന്റെ വഴി

ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനകളിൽനിന്ന് പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിലേക്ക് പരിഹാര പ്രദക്ഷിണവും വി. കുരിശിന്റെ വഴിയും നടത്തപ്പെട്ടു. കത്തീഡ്രൽ പള്ളിയിൽ നിന്നുമാരംഭിച്ച ചങ്ങനാശേരി ഫൊറോനായുടെ വി. കുരിശിന്റെ വഴിക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ്, വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ എന്നിവർ നേതൃത്വം നൽകി. പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ അഭിവന്ദ്യ തറയിൽ പിതാവിന്റെ സമാപന സന്ദേശത്തോടെ ആശീർവാദത്തോടുകൂടി സമാപിച്ചു.

## ഗ്രെയ്റ്റ് ഗാതറിംഗ് ഓഫ് മിഷൻ

ചെത്തിപ്പുഴയിൽ നടന്ന ഗ്രെയ്റ്റ് ഗാതറിംഗ് ഓഫ് മിഷന്റെ ഭാഗമായി ഇൻഡോർ, ഇറ്റാനഗർ, ഗുർഗൺ എന്നീ മൂന്ന് മിഷൻ രൂപതകളുടെ അഭിവന്ദ്യ പിതാക്കന്മാർ മെയ് 3-ാം തീയതി നമ്മുടെ ഇടവക സന്ദർശിക്കുകയും മിഷൻ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. പാരീഷ് കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മ ലീഡേഴ്സ്, സംഘടനാ ഭാരവാഹികൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, ഇടവകാംഗങ്ങൾ എന്നിവർ നമ്മുടെ പള്ളിയിൽ നടന്ന സ്നേഹകൂട്ടായ്മയിൽ പങ്കെടുത്തു.

## കരുണാർത്ഥന സമാപനം

കരുണാർത്ഥനയുടെ-നാൽപ്പതു ദിനരാത്ര ആരാധനയുടെ സമാപനം ഏപ്രിൽ 11 നാൽപ്പതാം വെള്ളിയാഴ്ച നടന്നു. അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് പരിശുദ്ധ കുർബാനയെത്തുടർന്ന് വാർഡുകളുടെയും കുടുംബകൂട്ടായ്മകളുടെയും നേതൃത്വത്തിൽ ദൈവജനം വെള്ളവസ്ത്രം ധരിച്ച്, മരക്കുരിശേന്തി മാർക്കറ്റ് ചുറ്റി സ്ലീവാപ്പാത നടത്തി. വി. കുരിശിന്റെ വഴി പള്ളിയിൽ തിരിച്ചെത്തിയപ്പോൾ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സന്ദേശം

നൽകി. തുടർന്ന് ബഹു. ഷാജി തുമ്പേച്ചിറയച്ചൻ പരിശുദ്ധ കുർബാനയുടെ ആരാധനയ്ക്കും ദിവ്യകാരുണ്യപ്രദക്ഷിണത്തിനും നേതൃത്വം നൽകി. നേർച്ചക്കഞ്ഞിയോടെ ശുശ്രൂഷകൾ സമാപിച്ചു.

- പാസ്റ്ററൽ സെന്റർ ചാപ്പലിൽ വി. യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ 2025 മാർച്ച് 9 മുതൽ 19 വരെ തിരുക്കർമ്മങ്ങളോടെ ആചരിച്ചു. മാർച്ച് 19-ാം തീയതി 5 മണിക്കുള്ള പരിശുദ്ധ കുർബാനയ്ക്ക് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ലദീഞ്ഞും കൊടിയിറക്കും കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കാർമ്മികത്വം വഹിച്ചു. നേർച്ചവിതരണത്തോടെ തിരുനാൾ സമാപിച്ചു.

## നൂറുമേനി സീസൺ 3

നൂറുമേനി സീസൺ 3 ചങ്ങനാശേരി ഫൊറോന കുടുംബതല മത്സരം സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശേരി അതിരൂപതാ കുടുംബകൂട്ടായ്മ-ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് മാന്തുരുത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ ഡയറക്ടർ റവ. ഫാ. നിഖിൽ അറയ്ക്കത്തറ സ്വാഗതവും ഫൊറോനാ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ നന്ദിയും പറഞ്ഞു. സമ്മേളനത്തിൽ റവ. ഫാ. ഷെറിൻ കുറശ്ശേരി, അതിരൂപതാ കേന്ദ്രകമ്മിറ്റി അംഗങ്ങളായ ബീന തൂമ്പുങ്കൽ, മേഴ്സി റോയി അരുവിക്കുഴി, ഫൊറോനാ സമിതി അംഗങ്ങളായ ലൂസിയാമ്മ ആന്റണി, സാബു തെക്കേക്കര, മോൻസി തോമസ് എന്നിവർ പ്രസംഗിച്ചു. മെയ് 11 ഞായറാഴ്ച 2 പിഎം മുതൽ നടന്ന മത്സരത്തിൽ ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.

നൂറുമേനി സീസൺ 3 റീജിയണൽ മത്സരത്തിന് ചങ്ങനാശേരി ഫൊറോനയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗമായ ശ്രീമതി നിധി ആന്റണി കൈലാത്തിന് കുടുംബകൂട്ടായ്മയുടെ അഭിനന്ദനങ്ങളും ആശംസകളും. 2025 ജൂൺ 8-ാം തീയതി അതിരൂപതയുടെ അഞ്ചു റീജിയണുകളിലായി നടക്കുന്ന ഓഡിയോ വിഷ്വൽ മത്സരങ്ങളിൽ ഓരോ റീജിയണിലും ഒന്നാം സ്ഥാനം നേടുന്ന ടീമുകളാണ് ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരക്കുന്നത്.

നൂറുമേനി സീസൺ 3 ഇടവകതല മത്സരം ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 6 വരെ നവശതാബ്ദിഹാളിൽ വെച്ച് നടത്തപ്പെട്ടു. ഇടവകയിൽ നിന്ന് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ആളുകൾ ദൈവവചനം പഠിച്ച് മത്സരത്തിൽ പങ്കെടുത്തു.

## അതിരൂപതാ ദിനാചരണം

പ്രൗഢിയും കൂട്ടായ്മയും സമുദായബോധവും വിളിച്ചോതി 139-ാമത് ചങ്ങനാശേരി അതിരൂപതാ ദിനാചരണം ചങ്ങനാശേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ 2025 മെയ് 20 ന് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ കർദ്ദിനാൾ മാർ ആന്റണി പടിയറ നഗറിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഇടുക്കി ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ-

പ്രഭാഷണം നടത്തിയ സമ്മേളനത്തിൽ ആശംസകൾക്കൊപ്പം വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ അവാർഡ് നൽകി ആദരിച്ചു. മുൻ മെത്രാപ്പോലീത്താ മാർ ജോസഫ് പൗവ്വത്തിലിന്റെ സ്മരണാർത്ഥമുള്ള സ്മാരക ഭവന നിർമ്മാണപദ്ധതി എന്നിവ മാർ തോമസ് തറയിൽ പിതാവ് പ്രഖ്യാപിച്ചു. മെയ് 19 ന് ഛായാചിത്ര പ്രയാണം മണിമല സെന്റ് ബേസിൽ പള്ളിയിൽനിന്നും ദീപശിഖ പ്രയാണം ചമ്പക്കുളം ബസിലിക്ക പള്ളിയിൽനിന്നും ആരംഭിച്ച് കത്തീഡ്രൽ പള്ളിയിൽ സമാപിച്ചു. തുടർന്ന് നടന്ന റംശാ പ്രാർത്ഥനയ്ക്ക് മുഖ്യ വികാരി ജനറാൾ വെരി റവ. ഫാ. ആന്റണി ഏത്തയ്ക്കാട് നേതൃത്വം നൽകി. അഭിവന്ദ്യ മാർ തോമസ് തറയിൽ സന്ദേശവും കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നന്ദിയും പറഞ്ഞു. അതിരൂപതാ ദിനത്തിന് മുന്നൊരുക്കമായി കത്തീഡ്രൽ പള്ളിയിൽ വികാരി പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചൻ പേപ്പൽ പതാക ഉയർത്തി. തുടർന്ന് അതിരൂപതാ ആന്തവും പ്രതിജ്ഞയും ചൊല്ലി. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷത്തിൽ ധന്യൻ മാർ കുര്യാളശേരി പിതാവിന്റെ ചരമശതാബ്ദിവർഷത്തിൽ അഭിവന്ദ്യ തറയിൽ പിതാവിന്റെ മാതൃഇടവകയിൽ നടന്ന 139-ാമത് ചങ്ങനാശേരി അതിരൂപതാ ദിനം വളരെ ഭംഗിയായി അടുക്കും ചിട്ടയുമായി നടന്നുവെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. നമ്മുടെ കൗൺസിലംഗങ്ങളും കൂട്ടായ്മാംഗങ്ങളും സംഘടനാംഗങ്ങളും സർവ്വോപരി ഇടവകാംഗങ്ങളുമെല്ലാം ഒത്തൊരുമയോടെ ആത്മാർത്ഥതയോടെ വിവിധ കമ്മിറ്റികളിൽ ആത്മാർത്ഥമായി പ്രവർത്തിച്ച് വിജയകരമാക്കിയെന്നത് അഭിമാനത്തോടെ അറിയിക്കട്ടെ.

## പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് പ്രണാമം

കഴിഞ്ഞ 12 വർഷം നമ്മെ നയിച്ച പ്രത്യാശയുടെ പ്രവാചകനായ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ചങ്ങനാശേരി അതിരൂപതയുടെ പ്രണാമം അർപ്പിക്കുന്നതിനായി കത്തീഡ്രൽ പള്ളിയിൽ ഏപ്രിൽ 25-ാം തീയതി വെള്ളിയാഴ്ച നടന്ന പരിശുദ്ധ കുർബാനയിലും തുടർന്ന് പാരീഷ് ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിലും സഭാ-സമുദായിക, രാഷ്ട്രീയ, സാംസ്കാരിക നേതാക്കളും സന്യസ്തരും ദൈവജനവും പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു. ജീവിതം പ്രത്യാശ നിറഞ്ഞതാകണമെന്നും മനുഷ്യർ നന്മയുള്ളവരാണെന്ന് പഠിപ്പിച്ച നല്ലിടയൻ-കരുണയുടെ കാവലാൾ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ദേഹവിയോഗത്തിൽ ദുഃഖസൂചകമായി ഇടവകയിൽ ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച രാവിലെ 7 മണിക്ക് വികാരി പെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അർപ്പിച്ച വി. കുർബാനയ്ക്കുശേഷം മാർക്കറ്റ് ചുറ്റിനടന്ന വിലാപയാത്രയിലും ഒപ്പീസിലും സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകവിശ്വാസ സമൂഹം സജീവമായി പങ്കുചേർന്നു. പ്രിയപ്പെട്ട പിതാവിന് കത്തീഡ്രൽ കുടുംബത്തിന്റെ സ്നേഹപ്രണാമം.

## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദിയാചരണം

ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാനും, വി. കുർബാനയുടെ ആരാധനാ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദിയാചരണം 2025 മെയ് 26 മുതൽ ജൂൺ 2 വരെ മെത്രാപ്പോലീത്തൻ പള്ളിയിൽ നടക്കുകയാണ്. മെയ് 26-ാം തീയതി 3 പി.എം.ന് പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽനിന്നും ധന്യൻ കുര്യാള-

ശ്ശേരി പിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം മെയ് 28-ാം തീയതി 2.30 പി.എം.ന് കത്തീഡ്രൽ പാരീഷ് ഹാളിൽ സിമ്പോസിയം അഭിവന്ദ്യ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദി വർഷത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നന്ദിയോടെ അനുസ്മരിക്കാം. ചരമശതാബ്ദി ആചരണം ഭംഗിയാക്കുവാൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങി.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട്, നമ്മുടെ ഇടവകയിൽവെച്ച് മെയ് 27-ാം തീയതി എയ്ഞ്ചൽസ് മീറ്റ് നടത്തപ്പെടുകയുണ്ടായി.

## വീടുവെഞ്ചരിപ്പ്

മാർച്ച് മാസത്തിൽ നോമ്പുകാലത്ത് ബഹു. സിസ്റ്റേഴ്സിന്റെ ഹോം മിഷനുശേഷം ബഹു. വൈദികർ മെയ്, ജൂൺ മാസങ്ങളിൽ കൂട്ടായ്മ അടിസ്ഥാനത്തിൽ മുൻകൂട്ടി അറിയിച്ച് ഭവനസന്ദർശനവും വീട് വെഞ്ചരിപ്പും നടത്തിവരുന്നു. നിയമിക്കപ്പെട്ട ദിവസങ്ങളിൽ നിർദ്ദേശിക്കുന്ന സമയത്ത് ഭവന സന്ദർശനത്തിനും വെഞ്ചരിപ്പിനുമായി വീടുകളിൽ ബഹു. വൈദികർ എത്തുമ്പോൾ കുടുംബാംഗങ്ങൾ എല്ലാവരുടെയും സാന്നിദ്ധ്യം ഉണ്ടായിരിക്കണം. കൂട്ടായ്മയിലെ എല്ലാ ഭവനങ്ങളും വെഞ്ചരിക്കുന്ന കാര്യത്തിൽ കൂട്ടായ്മാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

- ബൈബിൾ കൺവെൻഷന്റെ വോളന്റിയേഴ്സായി പ്രവർത്തിച്ചവരുടെ ഒരു കൂട്ടായ്മ അഭിവന്ദ്യ തറയിൽപിതാവിന്റെ സാന്നിദ്ധ്യത്തിൽ മെയ് 31-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് നവമശതാബ്ദി ഹാളിൽവെച്ച് നടത്തപ്പെട്ടു.
- മെയ് 4 ഞായറാഴ്ച രാവിലെ 26 കുട്ടികളുടെ ആഘോഷപൂർവ്വമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് കത്തീഡ്രൽ വികാരി പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു.
- മെയ് 11 ഞായറാഴ്ച 8.15 ന്റെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രതിനിധിയോഗാംഗങ്ങളും കുടുംബനാഥന്മാരും പങ്കെടുത്ത ഇടവക വാർഷിക പൊതുയോഗം സൺഡേസ്കൂൾ മീഡിയ റൂമിൽ വെച്ച് നടന്നു.
- ധന്യൻ മാർ കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദിയുടെ സമാപനഭാഗമായി നമ്മുടെ വാഴപ്പള്ളി ആരാധനാ മഠത്തിലെ നിത്യാരാധന ചാപ്പലിൽ മെയ് 24, 25 തീയതികളിൽ ദൈവാനുഗ്രഹം ധാരാളം ചൊരിഞ്ഞ 40 മണി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വചനപ്രഘോഷണം തുടങ്ങിയ തിരുക്കർമ്മങ്ങളിൽ ഇടവകയിൽനിന്നും പുറമേനിന്നും ധാരാളം ആളുകൾ ഭക്തിപൂർവ്വം പങ്കുചേർന്നു.
- ഏപ്രിൽ 12 ലാസറിന്റെ ശനി-കൊഴുക്കട്ടശനി ദിനത്തിൽ രാവിലെ പരിശുദ്ധ കുർബാനയെ തുടർന്ന് കൊഴുക്കട്ട ആശീർവദിച്ച് വിതരണം ചെയ്തു.
- പരിശുദ്ധ ദൈവമാതാവിന്റെ വണക്കമാസ പ്രാർത്ഥനകൾ മെയ് 1 മുതൽ 31 വരെ അങ്ങാടി വി. മിഖായേൽ മാലാഖമാരുടെ കുരിശടി, ചന്തക്കടവ് തിരു-

ക്കുടുംബ ദൈവാലയം കാക്കാംതോട് സെന്റ് തോമസ് കുരിശടി എന്നിവിടങ്ങളിൽ നടന്നുവരുന്നു.

## അറിയിപ്പുകൾ

### മരിയൻ കൺവെൻഷനും വിമോചന പ്രാർത്ഥനയും

2025 ആഗസ്റ്റ് 6 മുതൽ 10 വരെ തീയതികളിൽ റവ. ഡോ. അലോഷ്യസ് കുളങ്ങര നയിക്കുന്ന മരിയൻ കൺവെൻഷനും വിമോചന പ്രാർത്ഥനയും പതിനഞ്ച് നോമ്പിനോടനുബന്ധിച്ച് പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനൊരുക്കമായും ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി ആഘോഷിക്കുന്ന വേളയിൽ നടത്തപ്പെടുകയാണ്. നമ്മുടെ ഇടവകയിൽ ഒരുക്കുന്ന മരിയൻ കൺവെൻഷനിലും വിമോചനപ്രാർത്ഥനയിലും പങ്കെടുത്ത് ആത്മീയ ഉണർവ്വും ജീവിതനവീകരണവും പ്രാപിക്കാൻ പ്രാർത്ഥിച്ച് നമുക്ക് ഒരുങ്ങാം.

### 25-ാമത് ലോഗോസ് ക്വിസ്

കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 25-ാമത് ലോഗോസ് ക്വിസിന്റെ അതിരൂപതാതല രജിസ്ട്രേഷൻ ആരംഭിച്ചു. ഇടവകതലത്തിലുള്ള രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ച് ജൂലൈ 31 ന് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കും. രൂപതാതല പരീക്ഷാതീയതി 2025 സെപ്റ്റംബർ 28. രജിസ്ട്രേഷൻ ഫീസ് 20 രൂപയുമാണ്.

ഒത്തിരി സ്നേഹത്തോടെ,

**ജോബി തൂമ്പുങ്കൽ**
ജനറൽ കൺവീനർ-കുടുംബകൂട്ടായ്മ






ചങ്ങനാശേരി അതിരൂപത യുവദീപ്തി ഡയറക്ടർ, അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ, ചങ്ങനാശേരി സെന്റ് ജോസഫ്സ് പ്രസ് മാനേജർ, വിവിധ ഇടവകകളിൽ വികാരി മെത്രാപ്പോലിത്തൻ പള്ളിയിൽ അസി. വികാരി എന്നീ നിലകളിൽ ശോഭിച്ച വൈദിക ശ്രേഷ്ഠൻ, നമ്മുടെ ഇടവാംഗമായ ബഹു. കല്ലുകളത്തിൽ മാത്യു അച്ചന് ഇടവക കുടുംബക്കൂട്ടായ്മയുടെ ആദരാഞ്ജലികൾ.



എകെഎം പ്രിൻസിപ്പാൾ, മേരി റാണി പബ്ലിക് സ്കൂൾ വൈസ് പ്രിൻസിപ്പൽ, വിവിധ സ്കൂളുകളിലെ അദ്ധ്യാപിക, മദർ സുപ്പീരിയർ എന്നീ നിലകളിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത നമ്മുടെ ഇടവാംഗമായ റവ. സി. ബ്രിജിത്ത് നീലത്തുംമുക്കിൽ എസ്എബിഎസ് ന് ഇടവക കുടുംബകൂട്ടായ്മയുടെ ആദരാഞ്ജലികൾ....

## ജലത്താലും ആത്മാവിനാലും

കുളത്തിൻകര ദീപു-ഷീബ മകൻ ജോസഫ് - 23.04.25
കുരിശുവീട്ടിൽ പോൾ-മരിയ മകൻ ലൂക്കാ - 26.04.25
ഇല്ലിമൂട്ടിൽ ജെസ്സൻ-ആഷാചരിത മകൾ മരിയ - 26.04.25
പേഴത്തുംമൂട്ടിൽ ഡേവിഡ്-അനയ മകൾ അന്നമ്മ - 05.05.25
പ്ലാംപറമ്പിൽ മാത്യൂ-ദിവ്യ മകൻ ജോസഫ് - 06.05.25
പ്ലാംപറമ്പിൽ മാത്യൂ-ദിവ്യ മകൾ ഏലിയാമ്മ - 06.05.25
പാറയ്ക്കൽ അരുൺ-മേരി മകൾ ട്രീസ - 11.05.25
മേക്കര റോണി-ആമി മകൻ കബിബ് വർഗീസ് സ്കറിയ - 30.03.25
ചെന്നിത്തല മോഹൻ-സോണിയ മകൾ ട്രീസ - 25.04.25
എബ്രാഹം ലിറ്റോ-മേരി മകൻ മാത്യു - 26.04.25

## ദൈവം യോജിപ്പിച്ചത്

ഈ ഇടവക കുന്നേൽ തോമസ്-മോനിമ്മ മകൻ തോമസും തിരുവനന്തപുരം ഇടവക അഗസ്ത്യവിലാസം ജോർജ്ജ്-ലത മകൾ ലിജിയും തമ്മിലുള്ള വിവാഹം - 30.04.25

ഈ ഇടവക പെരുമ്പായിൽ ആന്റണി-ഫിലോമിന മകൻ ചെറിയാനും ഈ ഇടവക നെടുംപറമ്പിൽ ദേവസ്യ-എൽസ മകൾ കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം - 08.05.25

ഈ ഇടവക കരിങ്ങട സ്കറിയ-ജാൻസി മകൻ മാത്യുവും എരുമേലി ഇടവക കാവാലംപുതുപറമ്പിൽ തോമസ്-എലിസബത്ത് മകൾ എൽസയും തമ്മിലുള്ള വിവാഹം - 15.05.25

ഈ ഇടവക കൂലിപ്പുരയ്ക്കൽ തോമസ്-എൽസമ്മ മകൻ ക്രിസും ളായിക്കാട് ഇടവക കുന്നക്കാട് ജോയിക്കുട്ടി-എൽസമ്മ മകൾ മരിയയും തമ്മിലുള്ള വിവാഹം - 19.05.25

ഈ ഇടവക കടമാട് ജോസ് ലൈസമ്മ മകൻ ജോസഫും തൃക്കൊടിത്താനം ഇടവക പീടികത്തുണ്ടിയിൽ തോമസ്-ഏലിക്കുട്ടി മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 23.04.25

## ഉത്ഥിതനോടൊപ്പം

കടത്തറ റോസമ്മ (89) - 20.04.25
തോപ്പിൽ തോമസ് ചാക്കോ (73) - 20.04.25
കല്ലുകളം മാത്യു (83) - 24.04.25
അരമനപറമ്പിൽ മറിയാമ്മ തോമസ് (95) - 08.05.25
കൂടത്തിങ്കൽ ജോബൻ മാത്യു (43) - 09.05.25
കുളങ്ങര സാലിമ്മ ആന്റണി (58) - 23.05.25
പായിക്കാട് തോമസ് സെബാസ്റ്റ്യൻ - 25.05.25

# AKM PUBLIC SCHOOL

## MORKULANGARA CHANGANACHERRY



**DISCOVER Bright Beginnings at AKM PUBLIC SCHOOL**

NEW INDOOR STADIUM



MOTHER CHANTAL MEMORIAL INDOOR STADIUM





CELEBRATING 50 YEARS
1974-2024
FROM DARKNESS TO LIGHT

50 years of Shaping Futures

**SCHOOL ADMISSION 2025-26**

**Now Open For Registration**

**PLAY CLASS**
**KG TO CLASS IX & XI**

### STREAMS OFFERED

PCMB (Physics, Chemistry, Maths, Biology)
PCBM (Physics, Chemistry, Biology, Malayalam)
PCMC (Physics, Chemistry, Maths, Computer)
Physics, Chemistry, Biology, Psychology & English
Accountancy, Business Studies, Economics & IP

### Our Facilities

- Kids Park
- Transportation Facilities
- Counselling and Guidance
- Dedicated And Experienced Staff
- Modernised Computer Lab
  Maths Lab, Science Lab & Library
- Technology Enabled Classrooms
  with Interactive Digiboard Systems

### CONTACT US

0481-2402161, +91 94958 09100
akmschoolchrry@gmail.com
www.akmpublicschool.edu.in

"Celebrate the Past, Live the present, Shape the Future"

# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി



DIGITAL GADGETS
the digital mart
SkyLine
COMPUTERS
Aramanapady, Changanacherry - 686 101
94464 35172, 94474 55172
www.skylinecomputers.in
SMART PHONE | BT SPEAKERS | BAR SPEAKERS | PHONE STAND
SMART TV | NECK BAND | EAR BUDS | SECURITY CAMERA | POWER BANK

# സ്നേഹസ്മരണയ്ക്ക്



## കെ.ജെ. ചാക്കോ    ത്രേസ്യാമ്മ ചാക്കോ

### കട്ടപ്പുറം, വാഴപ്പള്ളി

ഞങ്ങൾ നിങ്ങളിൽ നിന്നും
പിരിഞ്ഞുപോയെങ്കിലും ഞങ്ങളുടെ സ്നേഹം
എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെയും
ഓർക്കേണമെ.